410

പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2019-21)

## മുപ്പത്തി രണ്ടാമത് റിപ്പോർട്ട്

[കോവിഡ്-19 സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങളും അതിജീവന മാർഗ്ഗങ്ങളും സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്]

2021 ജനുവരി മാസം ..20...-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

# പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2019-21)

## മുപ്പത്തി രണ്ടാമത് റിപ്പോർട്ട്

[കോവിഡ്-19 സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങളും അതിജീവന മാർഗ്ഗങ്ങളും സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്]

**ഉള്ളടക്കം**

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| റിപ്പോർട്ട് | : | 1 |

## എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019 - 2021)

### ഘടന

**അദ്ധ്യക്ഷൻ :**

ശ്രീ. എസ്. ശർമ്മ

**അംഗങ്ങൾ:**

ശ്രീ. പി.കെ.അബ്ദുറബ്ബ്

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. എ.പി.അനിൽകുമാർ

ശ്രീ. ബി. ഡി.ദേവസ്സി

ശ്രീ. ജി.എസ്.ജയലാൽ

ശ്രീ. കെ.സി.ജോസഫ്

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ.രാജൻ

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. സി.കെ.ശശീന്ദ്രൻ

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി.

ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ദീപക് എസ്.വി., അണ്ടർ സെക്രട്ടറി

# മുഖവുര

കോവിഡ്-19 സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങളും അതിജീവന മാർഗ്ഗങ്ങളും സംബന്ധിച്ച് പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ സ്പെഷ്യൽ റിപ്പോർട്ട്

2021 ജനുവരി മാസം ...13...20 തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2021 ജനുവരി ...20..... .

എസ്. ശർമ്മ.,
അദ്ധ്യക്ഷൻ.
എസ്റ്റിമേറ്റ്സ് കമ്മിറ്റി

## റിപ്പോർട്ട്

1. ലോക രാഷ്ട്രങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് ആരോഗ്യമുള്ള ജനത അത്യന്താപേക്ഷിതമാണ്. ദേശീയപുരോഗതിയുടെ പ്രധാന മാനദണ്ഡങ്ങളിലൊന്നായി വൈദ്യശാസ്ത്രമേഖലയുടെ വികാസത്തെ കണക്കാക്കാം. ആരോഗ്യ സംരക്ഷണത്തിന് ലോക രാജ്യങ്ങൾ എക്കാലവും അത്യന്തം പ്രാധാന്യം നൽകിയിരുന്നു. നൂറ്റാണ്ടുകളുടെ ഗവേഷണ പഠന പരീക്ഷണങ്ങളിലൂടെ വികസിതവും നൂതനവുമായ ചികിത്സാരീതികളും ഫലപ്രദമായ മരുന്നുകളും പ്രതിരോധ മാർഗങ്ങളും വൈദ്യശാസ്ത്ര മേഖല സ്വായത്തമാക്കിയിട്ടുണ്ട്. എന്നാൽ കാലാനുഗതമായ വെല്ലുവിളികൾ നിരന്തരം ഉയർന്നു വന്നു കൊണ്ടിരിക്കുന്നു.

2. പതിനാലാം നൂറ്റാണ്ടിൽ പൊട്ടിപ്പുറപ്പെട്ട പകർച്ച വ്യാധിയായ പ്ലേഗ് കവർന്നെടുത്തത് ദശലക്ഷക്കണക്കിനു ജീവനുകളാണ്. ഫലപ്രദമായ പ്രതിരോധ സംവിധാനങ്ങളുടെ അഭാവം കൊണ്ടും നിയന്ത്രണാതീതമായി ഉയർന്നു പോയ മരണ സംഖ്യ കൊണ്ടും, പ്ലേഗിനെ കറുത്ത മരണം എന്നു കാലം വിശേഷിപ്പിച്ചു. ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വലിയ മഹാമാരി സ്പാനിഷ്ഫ്ലൂവായിരുന്നു. 1918-19 കാലത്ത് സ്പാനിഷ്ഫ്ലൂ കൊന്നൊടുക്കിയത് 50 മില്യൺ ജനങ്ങളെയാണ്. അന്ന് ഫ്ലൂ മൂലം ഇന്ത്യയിൽ 14 മില്യൺ ജനങ്ങൾ മരിച്ചു. യൂറോപ്പിൽ തുടങ്ങിയ മഹാമാരിയാണ് ഇന്ത്യയിൽ ഒന്നരക്കോടിയോളം പേരെ കൊന്നൊടുക്കിയത്. ശേഷം ലോകത്തെ പിടിച്ചുലച്ച പകർച്ചവ്യാധികളായ സ്മോൾപോക്സ്, കോളറ, ഇൻഫ്ലുവൻസ, സാർസ്, എബോള തുടങ്ങിയവയും, അവ സമസ്ത മേഖലകളിൽ വിതച്ച നാശവും ചരിത്രത്തിന്റെ കറുത്ത അദ്ധ്യായങ്ങളായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു.

3. നിയന്ത്രണ വിധേയമല്ലാത്ത പകർച്ച വ്യാധികൾ ജീവനും ജീവിതത്തിനും എന്നപോലെ സമ്പദ്‌വ്യവസ്ഥയ്ക്കും രാജ്യത്തിന്റെ തന്നെ നിലനിൽപ്പിനും ഭീഷണിയായേക്കാം. ലോക മഹായുദ്ധങ്ങളിൽ ശത്രു രാജ്യങ്ങളെ സാമ്പത്തികമായി തകർക്കുന്നതിന് ജൈവായുധമായി പകർച്ച വ്യാധികളെ ഉപയോഗിച്ചിരുന്നുവെന്നത് ഇതിന്റെ ഉദാഹരണമാണ്.

4. ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ലോകജനതയെയും സർക്കാരുകളെയും ഭയ വിഹ്വലരാക്കിയ മഹാമാരിയാണ് കോവിഡ് 19. 2019 നവംബറിൽ രോഗവ്യാപനം ആരംഭിക്കുകയും ഡിസംബറിൽ ചൈനയിൽ രോഗം തിരിച്ചറിയുകയും ചെയ്തു.

പകർച്ചവ്യാധി എന്ന സ്ഥിതിയിൽ നിന്നും പ്രവചനാതീതമാം വിധം രാജ്യാതിർത്തികൾ ഭേദിച്ച പടർന്നു പിടിക്കുന്ന മഹാമാരിയായി കോവിഡ് 19 മാറിയത് ചുരുങ്ങിയ സമയം കൊണ്ടാണ്. അത് ലോകത്തെ അപ്രതീക്ഷിതമായ അടച്ചിടലിലേക്ക് നയിച്ചു വികസിതമെന്ന് ഊറ്റം കൊണ്ടിരുന്ന ലോകരാജ്യങ്ങൾ പോലും ഉയർന്നുവന്ന മരണ നിരക്കിന്റെയും തൊഴിലില്ലായ്മയുടെയും മുന്നിൽ പകച്ചു നിന്നു.

5. ജീവനാശത്തോടൊപ്പം തന്നെ പകർച്ചവ്യാധികൾ സൃഷ്ടിക്കുന്ന സാമ്പത്തിക ആഘാതവും വളരെ വലുതാണ്. കോവിഡിനു ശേഷമുള്ള ലോകവും, രാജ്യവും, സംസ്ഥാനവും പഴയതു പോലെ ആയിരിക്കില്ല. ലോക സാമ്പത്തിക രംഗം കുറഞ്ഞത് പത്ത് വർഷമെങ്കിലും പുറകോട്ടു പോകുമെന്നാണ് വിലയിരുത്തൽ. ലോകരാജ്യ-ങ്ങളെയെന്നപോലെ ഇന്ത്യൻ സമ്പദ് വ്യവസ്ഥയെയും കോവിഡ് 19 പ്രതികൂലമായി ബാധിച്ചു. GDP വളർച്ചാ നിരക്കിലുണ്ടായ കനത്ത ഇടിവ് രാജ്യത്തിനുണ്ടായ സാമ്പത്തിക പ്രത്യാഘാതങ്ങളെ എടുത്തുകാട്ടുന്നതാണ്. മാസങ്ങൾ നീണ്ടുനിന്ന അടച്ചിടൽ വിവിധ കാർഷിക വ്യവസായ സേവന വാണിജ്യ തൊഴിൽ മേഖലകളുടെ നിലനിൽപ്പിനെത്തന്നെ സാരമായി ബാധിച്ചു. വാണിജ്യ പ്രക്രിയയുടെ അഭാവത്തിൽ നഷ്ടത്തിലായ വിവിധ സ്ഥാപനങ്ങൾ തൊഴിലാളികളുടെ വേതനം വെട്ടിക്കുറയ്ക്കുന്നതിലേയ്ക്കും, അടച്ചുപൂട്ടലിലേയ്ക്കും വലിച്ചിഴയ്ക്കപ്പെട്ടു. പൊതുജനത്തിന്റെ വാങ്ങൽശേഷി ഗണ്യമായി കുറഞ്ഞു. പല ഉത്പന്നങ്ങളുടെയും സേവനങ്ങളുടെയും ആവശ്യകത കുറഞ്ഞു. വ്യാപാര പ്രക്രിയയുടെ മാന്ദ്യം മൂലം പല മേഖലകളിലെയും ഉത്പാദനം പരിമിതപ്പെട്ടു. പൊതുമേഖലാ സ്ഥാപനങ്ങളിൽ വരുമാന നഷ്ടമുണ്ടായി. തൊഴിലവസരങ്ങൾ കുറഞ്ഞു. സമൂഹത്തിന്റെ താഴെത്തട്ടിലുള്ള ദിവസ വരുമാനക്കാരായ ജനങ്ങളുടെ വരുമാന മാർഗ്ഗങ്ങൾ നിലച്ചു. വഴിവാണിഭക്കാരായ ജനങ്ങളുടെ ജീവിതം അക്ഷരാർത്ഥത്തിൽ സ്തംഭിക്കുന്ന കാഴ്ചയാണ് നാം കണ്ടത്. തൊഴിലില്ലായ്മ രൂക്ഷമായി. വിവിധ വാണിജ്യവ്യവസായ മേഖലകൾ തകർച്ചയുടെ വക്കോളമെത്തി.

6. കോവിഡ് നിർവ്യാപനവുമായി ബന്ധപ്പെട്ട് കേരളം നടത്തിയ ചെറുത്തു നിൽപ്പ് ലോക ശ്രദ്ധ ആകർഷിച്ചതാണ്. WHO രോഗവിവരം റിപ്പോർട്ട് ചെയ്തപ്പോൾ തന്നെ കേരളം തയ്യാറെടുപ്പുകൾ ആരംഭിച്ചിരുന്നു. 2020 ജനുവരിയിൽ വുഹാനിൽ നിന്നും കേരളത്തിലെത്തിയ മൂന്ന് വിദ്യാർത്ഥികൾക്ക് രോഗം ചികിത്സിച്ച് ഭേദമാക്കി. ഇന്ത്യയിൽ ആദ്യമായി കോവിഡ്-19 റിപ്പോർട്ട് ചെയ്തത് കേരളത്തിലാണ്. കോവിഡ്

വിവിധ രംഗങ്ങളിൽ സൃഷ്ടിച്ച ആഘാതം മറി കടക്കുന്നതിനായി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സാമ്പത്തിക പാക്കേജുകൾ പ്രഖ്യാപിക്കുകയുണ്ടായി. കേന്ദ്രം 20 ലക്ഷം കോടിയുടെ പാക്കേജാണ് പ്രഖ്യാപിച്ചത്. സംസ്ഥാന സർക്കാർ 20,000 കോടിയുടെ പാക്കേജാണ് പ്രഖ്യാപിച്ചത്. പ്രതിരോധ മാർഗമെന്ന നിലയിൽ പ്രാഥമിക ഘട്ടത്തിൽ സ്വീകരിച്ച അടച്ചിടൽ ഫലപ്രദമായിരുന്നുവെങ്കിലും അത് ദീർഘകാലം തുടരാനാവില്ല എന്നതിനാലും സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറയെയും വിവിധ വകുപ്പുകളുടെ പ്രവർത്തനത്തെയും സർക്കാർ സംവിധാനങ്ങളുടെ കാര്യക്ഷമതയെയും ജനങ്ങളുടെ ജീവിത സാഹചര്യങ്ങളെയും ഇത് പ്രതികൂലമായി ബാധിക്കുമെന്നതിനാലും വിവിധ മേഖലകളുടെ പ്രവർത്തനം പടിപടിയായി പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സംസ്ഥാനം കൈക്കൊണ്ടു. സംഭവിക്കാവുന്ന ആയിരക്കണക്കിനു മരണങ്ങളെ ഒഴിവാക്കിയും വൻ ദുരന്തത്തെ പ്രതിരോധിച്ചും കേരളം സൃഷ്ടിച്ച വിജയഗാഥ ലോകത്തിനു തന്നെ ഉത്തമ മാതൃകയാണ്.

7. സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ പ്രവർത്തനത്തിനും ജനജീവിതത്തിനും കോവിഡ് 19 ഏൽപ്പിച്ച ആഘാതവും സംജാതമായ പ്രതിസന്ധികളും പ്രത്യാഘാതങ്ങളും അതിജീവിക്കുന്നതിന് വകുപ്പുകൾ സ്വീകരിച്ച നടപടികളെയും സംബന്ധിച്ച് പഠനം നടത്തി സ്പെഷ്യൽ റിപ്പോർട്ട് തയ്യാറാക്കുന്നതിന് 24.09.2020-ലെ എസ്റ്റിമേറ്റ്സ് കമ്മിറ്റി യോഗം തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളെ ആസ്പദമാക്കി സമിതി എത്തിച്ചേർന്ന നിഗമനങ്ങളും മുന്നോട്ടു വയ്ക്കുന്ന ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

## ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

8.കോവിഡ് പ്രതിരോധ രംഗത്ത് അഭിമാനകരവും ആഗോള ശ്രദ്ധയാകർഷിച്ചതുമായ പ്രവർത്തനങ്ങളാണ് സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് കാഴ്ചവച്ചത്. Break The Chain Campaign ലൂടെ രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനും വേണ്ട മാർഗരേഖകൾ ആവിഷ്കരിക്കുന്നതിലും ആരോഗ്യ പ്രവർത്തകരുടെ സേവനവും ആശുപത്രികളുടെ പ്രവർത്തനവും ഏകോപിപ്പിക്കുന്നതിലും രോഗവ്യാപനം തടയുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കുന്നതിലും പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിലും കൗൺസിലിംഗ്

നൽകുന്നതിലും രോഗനിർണയം നടത്തി, നിരീക്ഷണ കേന്ദ്രങ്ങളും ഫസ്റ്റ് ലൈൻ, സെക്കന്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ സജ്ജീകരിച്ച് ചികിൽസാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതടക്കവുമുള്ള അസംഖ്യം മേഖലകളിൽ പൊതുജനാരോഗ്യം മുൻനിർത്തിയുള്ള നിരവധി സുശക്തമായ നടപടികൾ വകുപ്പ് കൈക്കൊണ്ടു സാമ്പത്തിക-മാനവശേഷിയിലും,ഭൗതിക സാഹചര്യങ്ങളിലും കേരളത്തെക്കാൾ മുന്നിൽ നിൽക്കുന്ന മറ്റു സംസ്ഥാനങ്ങൾക്കു പോലും മാതൃകയാകും വിധമുള്ള പ്രവർത്തനങ്ങൾ കോവിഡ് പ്രതിരോധത്തിൽ സംസ്ഥാനത്തിന് നടത്താനായതും മരണ സംഖ്യയെ പിടിച്ചു നിർത്താനായതും ആരോഗ്യ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങളും പരിശ്രമവും കൊണ്ടാണ്. സംസ്ഥാനത്തിന്റെ കോവിഡിനെതിരെയുള്ള പോരാട്ടത്തിൽ പോലീസ് തദ്ദേശസ്വയംഭരണം, ഫയർഫോഴ്സ് തുടങ്ങിയ വകുപ്പുകളും വിഭാഗങ്ങളും നിസ്തുലമായ സേവനം പ്രദാനം ചെയ്തു.

9. ആരോഗ്യ പ്രവർത്തകർ കോവിഡ് പ്രതിരോധത്തിൽ കാഴ്ചവെച്ച നിസ്വാർത്ഥ സേവനം അത്യന്തം പ്രശംസനീയമാണ്. ദീർഘനാളുകൾ കുടുംബത്തിൽ നിന്നു വിട്ടുനിന്നുകൊണ്ട് സ്വന്തം ജീവൻ പോലും ബലിയർപ്പിച്ച് യോദ്ധാക്കളെ പോലെ പോരാടിയ ആരോഗ്യ പ്രവർത്തകർ നമ്മുടെ ആരോഗ്യ മേഖലക്ക് മുതൽക്കൂട്ടാണ്.

10. സംസ്ഥാനത്തിലെ പരിമിതമായ സംവിധാനങ്ങളെയും ജീവനക്കാരെയും പരമാവധി ഉപയുക്തമാക്കികൊണ്ട് വകുപ്പ് രോഗ പ്രതിരോധ നടപടികൾ കൈക്കൊണ്ടു. ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി 968 ഡോക്ടർമാരെ താത്കാലികാടിസ്ഥാനത്തിൽ നിയമിക്കുകയും വിരമിച്ച ജീവനക്കാരെ ആവശ്യകത അനുസരിച്ച് തുടർനിയമനം നൽകി അഡ്ഹോക് വ്യവസ്ഥയിൽ നിയമിക്കുകയും കോവിഡ് ബ്രിഗേഡിനു വേണ്ടി ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ വിഭാഗത്തിൽപ്പെട്ടവർ എന്നിവരെ വോളന്റീർ സർവീസ് അടിസ്ഥാനത്തിൽ തെരെഞ്ഞെടുക്കുകയും ചെയ്തു.

11. കൊറോണ പൊട്ടിപ്പുറപ്പെട്ട പശ്ചാത്തലത്തിൽ നിർദ്ദിഷ്ട കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പൂർത്തിയാക്കിയ അക്കാദമിക് ബ്ലോക്കിലെ സംവിധാനങ്ങൾ കൊറോണ രോഗികളെ ഐസൊലേറ്റ് ചെയ്യുന്നതിനും

ചികിൽസയ്ക്കുമായി വിനിയോഗിക്കുകയും അതിനായി യുദ്ധകാലാടിസ്ഥാനത്തിൽ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുകയും ഡോക്ടർമാരും അനധ്യാപക ജീവനക്കാരുമുൾപ്പെടെ 273 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തതായും സമിതി വീക്ഷിക്കുന്നു.

12. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ദിവസവേതനാടിസ്ഥാനത്തിലും കരാറടിസ്ഥാനത്തിലും മറ്റും താത്കാലിക, അഡ്ഹോക് വ്യവസ്ഥകളിൽ ജോലി ചെയ്യു ജീവനക്കാരുടെ വേതന വിതരണം കാലവിളംബം കൂടാതെ നടത്തുന്നതിനു വേണ്ട സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. കോവിഡ് ഡ്യൂട്ടിയിലേർപ്പെടുന്ന ജീവനക്കാർക്ക് സൗജന്യ കോവിഡ് ചികിൽസ ലഭ്യമാക്കുന്നതിനും കോവിഡ് മൂലം മരണപ്പെടുന്ന ജീവനക്കാർക്ക് 50 ലക്ഷം രൂപയുടെ ഇൻഷുറൻസ് തുക ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചതായി സമിതി മനസ്സിലാക്കുന്നു.

14. ഈ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നുണ്ടെന്നും, ഇൻഷുറൻസ് തുക കാലതാമസം കൂടാതെ അർഹരായവർക്ക് ലഭ്യമാകുന്നുണ്ടെന്നും, ഉറപ്പു വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. ഇ-സഞ്ജീവനി: കോവിഡ് വ്യാപന കാലത്ത് പൊതുജനങ്ങൾക്ക് ആശുപത്രികളിൽ എത്തിച്ചേരുന്നതിനുമുള്ള ബുദ്ധിമുട്ട് പരിഗണിച്ച് സർക്കാർ ടെലി മെഡിസിൻ സംവിധാനമായ ഇ-സഞ്ജീവനി ആരംഭിച്ചതായും അതിലൂടെ പതിവ് ഒ.പി.കളോടൊപ്പം സ്പെഷ്യാലിറ്റി സേവനങ്ങളും ലഭ്യമാക്കിയതായും സമിതി മനസ്സിലാക്കുന്നു.

16. ഒറ്റക്കല്ല, ഒപ്പമുണ്ട്: പൊതുജനങ്ങളുടെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിനുവേണ്ടി നടപ്പിലാക്കിയ പരിപാടിയാണ് "ഒറ്റക്കല്ല, ഒപ്പമുണ്ട്". ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ കൺട്രോൾ റൂമുകളിൽ ഏകജാലക കമ്മ്യൂണിക്കേഷൻ ചാനൽ സ്ഥാപിക്കുകയും 24x7 മണിക്കൂറും പ്രവർത്തിക്കുന്ന കോൾസെന്ററുകൾ രൂപീകരിക്കുകയും ജനങ്ങളുടെ സംശയങ്ങൾ ദൂരീകരിക്കുകയും ആശങ്ക അകറ്റുകയും ചെയ്യുന്നതിനുള്ള നടപടി വകുപ്പ് കൈക്കൊണ്ടു.

17. പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ: കോവിഡ് രോഗികൾക്ക് രോഗത്തുടർച്ചയായി ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും, വേണ്ട ചികിൽസാ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ എല്ലാ സർക്കാർ ആശുപത്രികളിലും ആരംഭിച്ചു.

18. പരിശോധനകൾ: കോവിഡ് പരിശോധനയ്ക്കായി സംസ്ഥാനത്ത് ആകെ 12 സർക്കാർ സ്ഥാപനങ്ങളിലും 17 സ്വകാര്യ സ്ഥാപനങ്ങളിലും CBNAT പരിശോധനയും 24 സർക്കാർ സ്ഥാപനങ്ങളിലും 48 സ്വകാര്യ സ്ഥാപനങ്ങളിലും RTPCR പരിശോധനയും 29 സർക്കാർ സ്ഥാപനങ്ങളിലും 46 സ്വകാര്യ സ്ഥാപനങ്ങളിലുമായി TRUENAT പരിശോധനയും 1365 സർക്കാർ സ്ഥാപനങ്ങളിലും 665 സ്വകാര്യ സ്ഥാപനങ്ങളിലുമായി ആന്റിജൻ പരിശോധനയും 17 സ്വകാര്യ സ്ഥാപനങ്ങളിലായി XPERT പരിശോധനയും നടത്തുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചു. കൂടാതെ 157 ഇടങ്ങളിൽ സർക്കാർ സ്റ്റെപ് കിയോസ്കുകളും 72 ഈടങ്ങളിൽ സ്വകാര്യ സ്റ്റെപ് കിയോസ്കുകളും പ്രവർത്തിക്കുന്നു.

19. ഓരോ ടെസ്റ്റുകൾക്കും നിശ്ചിത തുക സർക്കാർ നിശ്ചയിച്ചിട്ടുള്ളത് കൃത്യമായി പാലിക്കപ്പെടുന്നുവെന്നും, സ്വകാര്യ ആശുപത്രികൾ അധിക തുക ഈടാക്കുന്നില്ല എന്ന് ഉറപ്പു വരുത്തണമെന്നും, അധിക തുക ഈടാക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

20. സംസ്ഥാനത്ത് നിരവധി ലാബുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പല പ്രധാന പരിശോധനകൾക്കുമുള്ള സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാൽ സാമ്പിളുകൾ മറ്റിടങ്ങളിലേക്ക് അയച്ചു കൊടുക്കേണ്ടി വരുന്നു. പരിശോധനാ ഫലത്തിനായി രോഗികൾ കാത്തിരിക്കേണ്ടിയും വരുന്നു. സർക്കാർ ആശുപത്രികളിൽ പ്രവർത്തിച്ചുവരുന്ന ലാബുകളിൽ പരിശോധനാ സൗകര്യങ്ങൾ ലഭ്യമല്ലാത്തതും രോഗികളെ ബുദ്ധിമുട്ടിലാക്കുന്നു.

21. ആയതിനാൽ മികച്ചതും ആധുനികവുമായ പരിശോധനാ സംവിധാനങ്ങളോടു കൂടിയ കൂടുതൽ ലാബുകൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിനും നിലവിലെ സർക്കാർ ലാബുകളിലെ പരിശോധനാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ട നടപടി

സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. തിരുവനന്തപുരം തോന്നയ്ക്കലിൽ പ്രവർത്തനമാരംഭിച്ചിട്ടുള്ള വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം പൂർണ്ണതോതിലാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23. കോവിഡ് സാഹചര്യത്തിൽ ആരോഗ്യമേഖലയിലെ ജീവനക്കാർക്ക് ജോലിഭാരം വർദ്ധിച്ചതായും അധികജോലികൾ ഇടവേളയില്ലാതെ ചെയ്യേണ്ടി വന്നതായും കാണാൻ കഴിഞ്ഞു. മാറിവരുന്ന സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ആരോഗ്യ മേഖലയിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും തസ്തികകൾ പുനഃക്രമീകരിക്കുന്നതിനും കൂടുതൽ നിയമനങ്ങൾ നടത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. സംസ്ഥാനത്തെ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിലെ മാലിന്യ നിർമ്മാർജ്ജന സംവിധാനം കാര്യക്ഷമമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

25. സംസ്ഥാനത്തെ കൃഷിയും ഭക്ഷ്യോത്പാദനവും മെച്ചപ്പെടുത്തുന്നതിനും കർഷക ക്ഷേമം ഉറപ്പാക്കുന്നതിനും സംസ്ഥാനത്തെ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നിലകൊള്ളുന്നു. കാർഷിക വികസനത്തിനായി സംസ്ഥാന കേന്ദ്ര പദ്ധതികളുടെ ആസൂത്രണം, നടപ്പാക്കൽ, നിരീക്ഷണം, കാർഷിക വിപുലീകരണം, സാങ്കേതിക വിദ്യകളുടെ കൈമാറ്റം, ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള കർഷകരുടെ സമഗ്ര പരിശ്രമങ്ങൾക്ക് പ്രോത്സാഹനം നൽകൽ, മെച്ചപ്പെട്ട വിത്ത് നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും, രാസവളങ്ങൾ, കീടനാശിനികൾ എന്നിവയുടെ ഗുണനിലവാര നിയന്ത്രണം, കാർഷിക മേഖലയിലെ യന്ത്രവൽക്കരണം, മൂല്യവർദ്ധനവ്, പരിസ്ഥിതി സൗഹൃദ കൃഷിരീതികൾ എന്നിവയുടെ പ്രോത്സാഹനം ദേശീയ കാർഷിക സംഘടനകളും ഏജൻസികളുമായുള്ള സഹകരണം, കർഷകർക്ക് വിള ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കൽ, കാർഷിക വായ്പകൾ, ന്യായവില ഉറപ്പാക്കൽ തുടങ്ങി ഗണ്യമായ പ്രവർത്തനങ്ങൾ സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടത്തി വരുന്നു. സംസ്ഥാനത്തെ ഉത്പാദക മേഖലയുടെ സുഗമമായ നടത്തിപ്പിന് വകുപ്പിന്റെ പ്രവർത്തനങ്ങൾ അനിവാര്യമാണ്.

26. കാർഷിക മേഖലയുടെ പ്രവർത്തനത്തെ കോവിഡ് 19 സാരമായിത്തന്നെ ബാധിക്കുകയുണ്ടായി. പതിനായിരക്കണക്കിന് കോടി രൂപയുടെ നഷ്ടമാണ് കാർഷിക മേഖലയിൽ മാത്രം ഉണ്ടായിരിക്കുന്നത്. ഭക്ഷ്യക്ഷാമം, പോഷകാഹാര കുറവ്, കാർഷിക മേഖലയിലെ തൊഴിലില്ലായ്മ എന്നിവ ഇതിന്റെ അനന്തര ഫലങ്ങളായി പ്രതീക്ഷിക്കാവുന്നതാണ്. കോവിഡ് 19 മഹാമാരി ദീർഘകാലാടിസ്ഥാനത്തിൽ ഭക്ഷ്യ വിതരണത്തിന്റെ ലഭ്യതയ്ക്ക് ഭീഷണിയാകുമെന്നതിനാൽ മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് കുറച്ചുകൊണ്ട് ഭക്ഷ്യധാന്യങ്ങളുടെ ഉത്പാദനത്തിലും പഴം പച്ചക്കറി കൃഷിയിലും സംസ്ഥാനം സ്വയം പര്യാപ്തത കൈവരിക്കേണ്ടിയിരിക്കുന്നു.

27. ചെറുകിട നാമ മാത്ര കർഷകരെ കോവിഡ് 19 കടുത്ത പ്രതിസന്ധിയിലാക്കി. തുടർകൃഷി ചെയ്യുന്നതിനും, ഉത്പാദനത്തിനും, ന്യായവില ലഭ്യമാക്കുന്നതിനും, കർഷകർ ബുദ്ധിമുട്ടുകൾ നേരിടുന്നതായും, വായ്പാ തിരിച്ചടവ് സാധിക്കാത്ത അവസ്ഥ സംജാതമായിട്ടുള്ളതായും, ട്രഷറി നിയന്ത്രണം കേന്ദ്രാവിഷ്കൃത പദ്ധതി പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുള്ളതായും സമിതി മനസിലാക്കി. എന്നിരുന്നാലും ലോക്ക്ഡൗൺ കാലത്ത് കർഷകർ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കാതെ വന്ന സാഹചര്യത്തിൽ ഉത്പന്നങ്ങൾ നശിച്ച്പോകാതിരിക്കാനും ന്യായവില ലഭ്യമാക്കുന്നതിനും പൈനാപ്പിൾ ചലഞ്ച്, ബനാന ചലഞ്ച് തുടങ്ങിയ നടപടികൾ വകുപ്പ് സ്വീകരിച്ചത് പ്രശംസനീയമാണ്.

28. അവയോടൊപ്പം ചെറുകിട ഇടത്തരം കർഷകർക്ക് വിപണിയും ന്യായവിലയും ഉറപ്പാക്കുന്നതിന് ഉത്പാദകരെയും ഉപഭോക്താക്കളെയും ബന്ധിപ്പിക്കുന്നതിനും പ്രാദേശിക വിപണികൾ കണ്ടെത്തുന്നതിനും സമഗ്രമായ ഒരു ഓൺലൈൻ സംവിധാനം ഒരുക്കുന്നതിന്റെ സാധ്യത പഠനവിധേയമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

29. കോവിഡാനന്തര കാർഷിക പുനരുജ്ജീവന പാക്കേജിന് രൂപം നൽകി ചെറുകിട കർഷകർക്കും കാർഷിക വിപണന സംരംഭകർക്കും കൂടുതൽ മൈക്രോ ലോണുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

30. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും, പരമാവധി വരുമാനം വർദ്ധിപ്പിക്കുന്നതിനും ഗുണകരമാംവിധത്തിലുള്ള കയറ്റുമതി മൂല്യമുള്ള വിളകൾ

<u>തെരഞ്ഞെടുത്ത് അവയുടെ ഉത്പാദന വിപണനത്തിന് പ്രത്യേക പരിഗണന നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## സുഭിക്ഷ കേരളം

31. ആഗോള വിശപ്പ് സൂചികയിൽ 94-ാം സ്ഥാനമാണ് നമ്മുടെ രാജ്യത്തിന്. ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പാക്കിയിട്ടും ലക്ഷ്യം കൈവരിക്കാൻ നമുക്ക് കഴിഞ്ഞില്ല. കോവിഡിന്റെ ഫലമായി 55 രാജ്യങ്ങളിലെ 32 കോടി മനുഷ്യർ ഭക്ഷണ ദൗർലഭ്യം നേരിടുമെന്നാണ് കണക്കുകൾ പ്രവചിക്കുന്നത്. ആയതിനെ നേരിടുന്നതിനായി കേരളത്തിൽ ഭക്ഷ്യ സ്വയം പര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സംയോജിത ഭക്ഷ്യ സുരക്ഷാ പദ്ധതിയാണ് 'സുഭിക്ഷ കേരളം പദ്ധതി'. പ്രസ്തുത പദ്ധതിയുടെ പ്രധാന ഘടകമാണ് 'ജൈവ-ഗൃഹം' സംയോജിത കൃഷി. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ കൃഷി വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഏകോപനത്തോടെ കാമ്പയിൻ മോഡ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണിതെന്നും ഭക്ഷ്യോത്പാദന വർദ്ധനവും കാർഷിക മേഖലയിലെ കുതിച്ചു ചാട്ടവും, ലക്ഷ്യമിടുന്ന പ്രസ്തുത പദ്ധതിക്ക് വിവിധ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതി വിഹിതത്തിൽ നിന്നും, നബാർഡിൽ നിന്നും സഹകരണ മേഖലയിൽ നിന്നുമുള്ള വായ്പയായും വിഹിതം കണ്ടെത്താനുദ്ദേശിക്കുന്നതായും സമിതി മനസ്സിലാക്കുന്നു.

32. <u>സുഭിക്ഷകേരളം പദ്ധതിയിൽ കുടുംബശ്രീ യൂണിറ്റുകളുടെ സമഗ്ര പങ്കാളിത്തം ഉറപ്പാക്കണമെന്നും, കുടുംബശ്രീകൾക്കു കീഴിൽ തദ്ദേശ കാർഷിക യൂണിറ്റുകൾ രൂപീകരിക്കണമെന്നും, കൃഷിഭവനുകളുടെ പങ്കാളിത്തത്തോടെ വിളകൾ തെരഞ്ഞെടുത്ത് ആസൂത്രിതമായ കാർഷിക മാതൃകകൾ ആവിഷ്കരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

33. കണക്കുകൾ പരിശോധിച്ചാൽ ലോക്ക്ഡൗൺ കാലത്ത് കേരളത്തിൽ കൃഷി പുനരുജ്ജീവിപ്പിക്കപ്പെട്ടതായി നമുക്ക് കാണാൻ കഴിയും. 1.92 ലക്ഷം ഹെക്ടറായിരുന്ന നെൽ കൃഷി 2.20 ലക്ഷം ഹെക്ടറായി. പച്ചക്കറി ഉത്പാദനം 6.28 ലക്ഷം ടണ്ണിൽ നിന്നും 15 ലക്ഷം ടണ്ണായി വർദ്ധിച്ചു. സംസ്ഥാന സർക്കാരിന്റെ തരിശു ഭൂമിയിൽ കൃഷി പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയുടെ ഭാഗമായി, ലഭ്യമായ തരിശു ഭൂമിയിൽ നെല്ല്,

പച്ചക്കറി, പഴവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, പയർവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവ കൃഷി ചെയ്തു വരുന്നു. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പിന്റെ പദ്ധതിയായ R. K. V. Y. 2020-21-ൽ ഉൾപ്പെടുത്തി തരിശു കൃഷി പ്രോത്സാഹനം, ഗ്രാമീണ ചന്തകളുടെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്കായി 51 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതായും ഇതിൽ തരിശു കൃഷിക്കായി 47 കോടി രൂപയും മാർക്കറ്റ് വികസനത്തിനായി 4 കോടി രൂപയും വകയിരുത്തിയിട്ടുള്ളതായും സമിതി മനസിലാക്കുന്നു.

34. ഉത്പാദന വർദ്ധനവ് ലക്ഷ്യം വെക്കുമ്പോൾ സംഭരണ കേന്ദ്രങ്ങളുടെ അഭാവത്താലും, അപര്യാപ്തതയാലും, ധാന്യങ്ങളും, വിളകളും നശിച്ചു പോകാനിടവരാതിരിക്കുന്നതിന്, സാങ്കേതിക മികവോടെയുള്ള കൂടുതൽ സംഭരണ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

35. കോവിഡിവിന്റെ പശ്ചാത്തലത്തിൽ, ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളെക്കാൾ ശുദ്ധവും സുരക്ഷിതവുമായ പച്ചക്കറികൾ ഉത്പാദിപ്പിക്കുന്നതിനും, കാർഷിക സംസ്കാരത്തെ ഉത്തേജിപ്പിക്കുന്നതിനും സ്വയം പര്യാപ്തത പ്രാപ്തമാക്കുന്നതിന്റെ ഭാഗമായി വീടുകളിലെ കൃഷി പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. ആയതിനാൽ സംസ്ഥാനത്തെ കൃഷിഭവനുകളുടെ ആഭിമുഖ്യത്തിൽ റൂഫ് ടോപ്പ് ഫാമിംഗിന്റെ സാധ്യതകൾ തദ്ദേശീയമായി വിലയിരുത്തി അനുയോജ്യമായ വിത്തിനങ്ങളും ഗ്രോ ബാഗുകളും മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനും ജനങ്ങളിൽ റൂഫ് ടോപ്പ് ഫാമിംഗിനെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ഊർജ്ജിതമായി ആവിഷ്കരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

36. യുവാക്കൾക്കും നാട്ടിലെത്തുന്ന പ്രവാസികൾക്കും വനിതകൾക്കും കാർഷിക മേഖലയിൽ സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി പ്രഖ്യാപിച്ച പദ്ധതിയാണ് ജൈവഗൃഹം. കൃഷിയോടൊപ്പം പശുവളർത്തൽ, ആട് വളർത്തൽ, മത്സ്യകൃഷി, തേനീച്ച വളർത്തൽ, തുടങ്ങി പല മേഖലകൾ ഇതിലുൾപ്പെടുന്നു. പദ്ധതിയിൽ 14000 സംയോജിത കൃഷി യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നതിനായി ലക്ഷ്യമിട്ടുന്നുവെന്നും, 'Rebuild Kerala Initiative'ൽ ഉൾപ്പെടുത്തി 50 കോടി രൂപയാണ് പദ്ധതിയുടെ നടത്തിപ്പിന് വിഭാവനം ചെയ്തിട്ടുള്ളതെന്നും, സംരംഭം

തുടങ്ങുന്നതിന് കാർഷിക വായ്പകൾ സജ്ജമാക്കുന്നതായും സമിതി വീക്ഷിക്കുന്നു.

37. <u>പ്രസ്തുത പദ്ധതിയുടെ ഗുണഫലം പരമാവധി കർഷകരിലേക്കെത്തിക്കുന്നതിനും, കാർഷിക മേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും, പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും, സംരഭകത്വ പ്രോത്സാഹന സെമിനാറുകളും, ബോധവൽക്കരണ ക്ലാസ്സുകളും പഞ്ചായത്ത് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.</u>

38. <u>സുഭിക്ഷ കേരളം പദ്ധതി 2021-22 സാമ്പത്തിക വർഷത്തേക്കുള്ള കരട് പദ്ധതിയിൽ സ്കൂൾ കുട്ടികൾക്ക് കൃഷിയിൽ താത്പര്യം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിച്ചുള്ള കാർഷിക 'സഞ്ചയിക' പദ്ധതിയോടനുബന്ധിച്ച് വിദ്യാലയങ്ങളിൽ സ്ഥല ലഭ്യതയ്ക്കനുസരിച്ച് കൃഷിയിടങ്ങൾ സജ്ജീകരിക്കുന്നതിന്റെ സാധ്യതകളും കോവിഡിന്റെ പഞ്ചാത്തലത്തിൽ പഠന വിധേയമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## <u>മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്</u>

39. സംസ്ഥാനത്തെ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് പ്രകൃതി വിഭവ പരിപാലനാർത്ഥം മണ്ണ്-ജല സംരക്ഷണ പദ്ധതികൾ സംസ്ഥാനത്തെ മലയോര പ്രദേശങ്ങൾ പരിസ്ഥിതിലോല പ്രദേശങ്ങൾ പാരിസ്ഥിതികശോഷണം നേരിടുന്ന പ്രദേശങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകി നടപ്പിലാക്കി വരുന്നു. കോവിഡ് മഹാമാരിയോടനുബന്ധിച്ച് ഉണ്ടായ ലോക്ക്ഡൗണും ഗതാഗത നിയന്ത്രണവും പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിച്ചിരുന്നതായും പദ്ധതി പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നൽകിയിരുന്ന ഉദ്യോഗസ്ഥർക്കിടയിൽ കോവിഡ് വ്യാപനം ഉണ്ടായത് പ്രവർത്തനങ്ങളെ ബാധിച്ചെങ്കിലും വകുപ്പിന് 37% സാമ്പത്തിക പുരോഗതി കൈവരിക്കാൻ സാധിച്ചതായും സമിതി മനസിലാക്കുന്നു. കോവിഡ് വ്യാപനമനുസരിച്ച് ഓരോ പ്രദേശത്തും കൺടെയിൻമെന്റ് സോണായി പ്രഖ്യാപിക്കുന്ന അവസ്ഥയുണ്ടായിരുന്നതിനാൽ പല പ്രവർത്തികളും വർക്ക് ഫ്രം ഹോം ശൈലിയിൽ നിർവഹിക്കാൻ വകുപ്പ് നടപടി കൈക്കൊണ്ടതായും സമിതി മനസിലാക്കുന്നു.

40. കോവിഡ് 19 പോലെയുള്ള അടിയന്തര സാഹചര്യങ്ങളോടനുബന്ധിച്ച് വരുംകാലങ്ങളിലുണ്ടായേക്കാവുന്ന ഭക്ഷ്യക്ഷാമത്തെ ചെറുക്കുന്നതിനായി ഉപഭോഗത്തിനനുസൃതമായി ഉത്പാദനം ഉയർത്തുന്നതിനും പ്രധാനമായും നെൽകൃഷിയിലും പച്ചക്കറി കൃഷിയിലും സ്വയംപര്യാപ്തത കൈവരിക്കുന്നതിനും

സംസ്ഥാനം പ്രത്യേക പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു. അനുകൂല കാലാവസ്ഥയും കൃഷിയിടങ്ങളും കാർഷിക ഗവേഷണ കേന്ദ്രങ്ങളും ഉണ്ടായിട്ടും അവശ്യ ഭക്ഷ്യവസ്തുക്കൾക്കായി മറ്റുസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നത് നിർഭാഗ്യകരമാണ്. ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ നിന്നും ഉത്പാദക സംസ്ഥാനമെന്ന നിലയിലേക്ക് കേരളത്തെ ഉയർത്തിക്കൊണ്ടു വരുന്നതിനും ഭക്ഷ്യോത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കാർഷിക മേഖലയിലെ ആസൂത്രണവും ഏകോപനവും മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു എന്ന് സമിതി അഭിപ്രായപ്പെടുന്നു.

## ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്

41. സംസ്ഥാനത്തെ വിവിധ മേഖലകളുടെ സമഗ്രമായ വികസനത്തിനും സമ്പദ്ഘടനയുടെ പരിപോഷണത്തിനും വേണ്ട പദ്ധതികൾ തയ്യാറാക്കുക, അവയെ ഏകോപിപ്പിക്കുക, ഗവേഷണങ്ങളും പഠനങ്ങളും നടത്തുക, പ്രകൃതി ഭൂവിഭവങ്ങളുടെ മെച്ചപ്പെട്ട വിനിയോഗം ഉറപ്പുവരുത്തുക, സംസ്ഥാനത്തിന്റെ ഉത്പാദന ക്ഷമത ഉയർത്തുക, വിവിധ വകുപ്പുകളുടെ പ്രവർത്തന മികവ് വിലയിരുത്തുക സാമ്പത്തിക അവലോകനവും സാമ്പത്തിക സ്ഥിതി വിവരകണക്കുകളുടെ രൂപീകരണവും നടത്തുക തുടങ്ങിയ കർത്തവ്യങ്ങളിൽ അധിഷ്ഠിതമായാണ് സംസ്ഥാന ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് നിലകൊള്ളുന്നത്.

42. കോവിഡ് 19 മഹാമാരി, വകുപ്പിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചെങ്കിലും അവയെ അതിജീവിക്കുന്നതിനായി വകുപ്പ് നടപടികൾ സ്വീകരിക്കുന്നുവെന്നും കാർഷിക സ്ഥിതി വിവര കണക്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പൂർണമായും തടസ്സപ്പെട്ടു എന്നിരുന്നാലും സാധ്യമായ വിവരങ്ങൾ ഫോൺ മുഖേന ശേഖരിക്കുകയും ഒഴിവാക്കാൻ ആകാത്ത സന്ദർഭങ്ങളിൽ മാത്രം ഫീൽഡ് സർവേ നടത്തുകയും ചെയ്യുന്നതായും സമിതി മനസിലാക്കുന്നു.

43. വ്യവസായ സ്ഥാപനങ്ങളുടെ ഉത്പാദനം സംബന്ധിച്ച വിവരങ്ങൾ നേരിട്ടു ശേഖരിക്കുവാൻ കഴിയാതെ വന്നതിനാൽ ഇ-മെയിൽ മുഖേനയും ഫോൺ മുഖേനയും ഓൺലൈനായി വിവരങ്ങൾ ശേഖരിച്ച് ജൂൺ മാസം വരെയുള്ള സൂചിക പ്രസിദ്ധീകരിച്ചതായും "ആനുവൽ സർവേ ഓഫ് ഇൻഡസ്ട്രീസ്"മായി ബന്ധപ്പെട്ട് മുടക്കം

വന്ന വിവരശേഖരണവും തുടർജോലികളും പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു.

44. സംസ്ഥാനത്തെ സാമ്പത്തിക ആസൂത്രണത്തിന് കൃത്യമായ സ്ഥിതി വിവര കണക്കുകൾ ആവശ്യമാണെന്നതിനാൽ വിവര ശേഖരണവും തുടർജോലികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഓൺലൈൻ വഴിയുള്ള വിവരശേഖരണത്തിൽ വസ്തുതാപരമായി പിഴവുകൾ കടന്നുകൂടുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിനും വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സാമ്പത്തിക രംഗത്ത് കോവിഡ് സൃഷ്ടിച്ച പ്രത്യാഘാതം സംസ്ഥാന ആസൂത്രണ ബോർഡുമായി ചേർന്ന് വിശകലനം ചെയ്ത് സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിൽ വന്ന ഇടിവ് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുകയും കോവിഡിന്റെ പ്രത്യാഘാതം അസംഘടിത മേഖലയിലെ തൊഴിൽ, വരുമാനം എന്നിവയിലുണ്ടാക്കിയ നഷ്ടങ്ങളെക്കുറിച്ചുള്ള 'Covid Impact quick study'ഉം വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയതായി സമിതി മനസ്സിലാക്കുന്നു.

45. പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച റിപ്പോർട്ടും ഈ നഷ്ടങ്ങൾ മറികടക്കുന്നതിനും, വരുമാനം ഉത്തേജിപ്പിക്കുന്നതിനും അനുവർത്തിക്കാവുന്ന ആക്ഷൻ പ്ലാനും സംബന്ധിച്ച വിവരങ്ങളും സമിതിക്ക് ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

## കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്

46. ഈ വകുപ്പിൽ നടപ്പാക്കുന്ന ഭൂരിഭാഗം പദ്ധതികൾക്കും ഫീൽഡ് പ്രവർത്തനം അനിവാര്യമാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രസ്തുത പദ്ധതികൾക്കു തടസ്സം നേരിടുന്നതിനാൽ നൂതന സാങ്കേതിക വിദ്യകളുടെ സഹായത്താൽ വകുപ്പ് നടത്തുന്നതും പങ്കെടുക്കുന്നതുമായ യോഗങ്ങൾ/സെമിനാറുകൾ/പ്രോജക്ട് സ്റ്റാഫുകളുടെ ഇന്റർവ്യൂ എന്നിവ ഓൺലൈനായി സംഘടിപ്പിക്കുന്നതിനും work from home സജ്ജീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചതായി സമിതി മനസ്സിലാക്കുന്നു.

## കേരള ഡെവലപ്മെന്റ് ആന്റ് ഇന്നവേഷൻ സ്റ്റാറ്റജിക് കൗൺസിൽ

47. കെ-ഡിസ്കിന്റെ പ്രവർത്തനങ്ങളെയും വിവിധ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനെയും കോവിഡ് പ്രതിസന്ധി സാരമായി ബാധിച്ചു. ഇതു പരിഹരിക്കുന്നതിന് പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട

യോഗങ്ങൾ ഓൺലൈനായി സംഘടിപ്പിക്കുന്നതായി സമിതി വീക്ഷിക്കുന്നു.

**സെന്റർ ഫോർ ഡെവലപ്മെന്റൽ സ്റ്റഡീസ്**

48. സി. ഡി. എസ്.-ന്റെ പ്രവർത്തനത്തെയും കോവിഡ് പ്രതിസന്ധി പ്രതികൂലമായി ബാധിച്ചു. 2020 അക്കാദമിക് വർഷത്തെ അഖിലേന്ത്യാ പ്രവേശന പരീക്ഷ നിശ്ചയിച്ച പ്രകാരം സമയബന്ധിതമായി നടത്തുവാനായില്ല. എന്നാൽ ഇതിന് ബദൽ മാർഗങ്ങളും അക്കാദമിക് നഷ്ടം ഉണ്ടാകാത്ത രീതിയിൽ പുതിയ അദ്ധ്യയന കാലയളവ് പരിഷ്കരിക്കുന്നതിനും സെമിനാറുകൾ അക്കാദമിക മീറ്റിംഗുകൾ, ക്ലാസുകൾ പരീക്ഷകൾ എന്നിവ ഓൺലൈനായി നടത്തുന്നതിനും വെബിനാറുകൾ നടത്തുന്നതിനുമുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചതായി സമിതി മനസിലാക്കുന്നു.

**കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ**

49. സ്ഥാപനത്തിൽ നടപ്പാക്കുന്ന ഭൂരിഭാഗം പദ്ധതികളും നൂതന സാങ്കേതിക വിദ്യകളായ വിദൂര സംവേദനം(Remote sensing) ഭൂവിവര വ്യവസ്ഥ (Geographical Information System) എന്നിവ പ്രയോജനപ്പെടുത്തി നടത്തി വരുന്നവയായതിനാൽ കോവിഡ് 19 പ്രസ്തുത സ്ഥാപനത്തിലെ പദ്ധതി പ്രവർത്തനങ്ങളെ സാരമായി ബാധിച്ചില്ല എന്ന് സമിതി നിരീക്ഷിക്കുന്നു.

**റീബിൽഡ് കേരള ഇനിഷിയേറ്റീവ്**

50. റീബിൽഡ് കേരള ഇനിഷിയേറ്റീവിന്റെ നേതൃത്വത്തിലുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുകയുണ്ടായി. ലോകബാങ്ക് വികസന വായ്പയുടെ ആദ്യ ഗഡു ലഭ്യമായെങ്കിലും കോവിഡ് പ്രതിസന്ധി മൂലം 2-ാം ഗഡു ലഭ്യമാക്കുന്നതിനുള്ള തുടർനടപടി നിർത്തിവയ്ക്കേണ്ടി വരികയും പകരം മറ്റു തരത്തിലുള്ള വായ്പാ സൗകര്യങ്ങൾ ആരായുന്നതിന് സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തു. Programme for Result(PIR) രീതിയിൽ വികസന വായ്പ പുനഃസംഘടിപ്പിക്കാൻ സംസ്ഥാന സർക്കാർ കേന്ദ്ര സാമ്പത്തിക മന്ത്രാലയത്തിൽ നിന്നും അനുമതി തേടുകയും ലോകബാങ്ക് പ്രതിനിധികളുമായി പ്രാഥമിക ചർച്ച നടത്തുകയും ചെയ്തതായി സമിതി മനസിലാക്കുന്നു.

51. പ്രളയം നാശമേൽപ്പിച്ച പ്രധാന മേഖലകളിലെ പുനർനിർമ്മാണം ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതി അതിന്റെ പൂർണതോതിൽ പ്രാവർത്തികമാകേണ്ടത് സംസ്ഥാനത്തെ വിവിധമേഖലകളുടെ മുന്നോട്ട് പോക്കിന് അനിവാര്യമാണ്.

ആയതിനാൽ വികസന വായ്പ പുനഃസംഘടിപ്പിക്കുന്നതിനും പുനർനിർമ്മാണ പ്രവർത്തനങ്ങൾ ത്വരിത ഗതിയിലാക്കുന്നതിനും ഊർജ്ജിത നടപടി സ്വീകരിക്കണമെന്നും കേന്ദ്ര സാമ്പത്തിക മന്ത്രാലയത്തിന്റെ അനുമതി തേടുന്നതിന് വേണ്ട സമ്മർദ്ദം ചെലുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

52. ലോക്ക്ഡൗൺ പോലെയുള്ള അവസരങ്ങളിൽ ചരക്കു നീക്കത്തിലും ഉദ്പാദനത്തിലും ദേശീയ തലത്തിൽ ഉണ്ടാകുന്ന കുറവ് സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ ദൗർലഭ്യം സൃഷ്ടിച്ചേക്കാം. ഇതൊഴിവാക്കുന്നതിനായി ഉത്പാദന മേഖലയിൽ സംസ്ഥാനം സ്വയം പര്യാപ്തത കൈവരിക്കേണ്ടിയിരിക്കുന്നു. ആയതിനാൽ വിവിധ വകുപ്പുകളുടെ പദ്ധതി പ്രവർത്തനങ്ങളുടെ ആസൂത്രണ പ്രക്രിയയിൽ ഉത്പാദന മേഖലയിൽ ഊന്നിയുള്ള പദ്ധതികൾക്ക് പ്രാമുഖ്യം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

53. ലോകരാജ്യങ്ങളെയൊന്നടങ്കം ബാധിച്ച കോവിഡ് 19 വിവിധ രാജ്യങ്ങളുടെ സാമ്പത്തിക ഭദ്രതയെയും വിപണികളെയും പ്രതികൂലമായി ബാധിച്ച അന്താരാഷ്ട്ര നിക്ഷേകരുടെ നിക്ഷേപ പ്രവണതയിലും മാറ്റം വന്നിരിക്കുന്നതായി മനസ്സിലാക്കാം. നിക്ഷേപകർ പുതിയ വിപണികൾ തേടുന്നതും വ്യത്യസ്ത നിക്ഷേപ മേഖലകൾ തെരഞ്ഞെടുക്കുന്നതും സംസ്ഥാനത്തിന് വിദേശ നിക്ഷേപ സാധ്യതകൾ തുറന്നു തരുന്നതാണ്.

54. കോവിഡാനന്തരം ആഗോള വിപണി സാധ്യതകളെ തിരിച്ചറിയുന്നതിനും ഉപയോഗപ്രദമാക്കുന്നതിനും ശാസ്ത്രീയമായ പഠനങ്ങളിലൂടെ പോസ്റ്റ് പാൻഡമിക് ഇക്കണോമിക് പ്ലാനിംഗ് നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

55. കോവിഡ് വ്യാപനം ആദ്യമായുണ്ടായ വിദേശ രാജ്യങ്ങളിലും പ്രധാന നഗരങ്ങളിലും നിശ്ചലമായ സാമ്പത്തിക വ്യവസ്ഥ തിരിച്ചു വരവിന്റെ പാതയിലാണ്. അതിനെ പുനരുജ്ജീവിപ്പിക്കുന്നതിനായി അവിടങ്ങളിൽ അവലംബിച്ച മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തുന്നതിനും അവ സംസ്ഥാനത്ത് പ്രാവർത്തികമാക്കുന്നതിന്റെ സാധ്യതകൾ തിരിച്ചറിയുന്നതിനും പഠനങ്ങൾ നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ആസൂത്രണ സാമ്പത്തികകാര്യ സി. പി. എം. യു. വകുപ്പ്

56. സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേന്ദ്ര സംസ്ഥാന പദ്ധതികളുടെ നിരീക്ഷണം ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെയും എംപി മാരുടെ പ്രാദേശിക വികസന ഫണ്ടിന്റെയും നിർവ്വഹണ നിരീക്ഷണം നീതി ആയോഗ് പദ്ധതി നിർവ്വഹണത്തിന്റെ സംസ്ഥാനതല ഏകോപനം ഹരിത കേരളം മിഷൻ, നവകേരളം മിഷൻ തുടങ്ങിയവയുടെ ഏകോപനം എന്നിവയാണ് ആസൂത്രണ സാമ്പത്തികകാര്യ (സി. പി. എം. യു.) വകുപ്പിന്റെ പ്രവർത്തനങ്ങൾ.

57. മുഖ്യമന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും നേതൃത്വത്തിൽ നടത്താറുണ്ടായിരുന്ന കേന്ദ്ര സംസ്ഥാന പദ്ധതികളുടെ നിരീക്ഷണ അവലോകനം കോവിഡ് മൂലം നടത്താൻ കഴിയാതെ വന്നെങ്കിലും വീഡിയോ കോൺഫറൻസിലൂടെ ഇവ നടത്തി വരുന്നതായി സമിതി മനസ്സിലാക്കുന്നു. കോവിഡ് പോലെയുള്ള അപ്രതീക്ഷിത ആഘാതങ്ങളിലും സംസ്ഥാനത്തെ വകുപ്പുകളുടെ പ്രവർത്തനം തടസ്സം കൂടാതെ സാധ്യമാക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പ്രധാന വകുപ്പുകളുടെ ജില്ലാതല ഓഫീസുകളിൽ വീഡീയോ കോൺഫറൻസിംഗ് അടക്കമുള്ള വിവര സാങ്കേതിക സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

## ധനകാര്യ വകുപ്പ്

58. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയ്ക്കും, മാർഗ്ഗ നിർദ്ദേശങ്ങൾക്കും, ചട്ടങ്ങൾക്കനുസരിച്ചുള്ള സാമ്പത്തിക നയങ്ങൾ രൂപീകരിക്കുക, സർക്കാരുമായി ബന്ധപ്പെട്ട എല്ലാ സാമ്പത്തിക കാര്യങ്ങളുടെയും സുഗമമായ നടത്തിപ്പ് ഉറപ്പാക്കുക, ക്ഷാമ ദുരിതാശ്വാസ ഫണ്ടുകൾ, മറ്റ് പ്രത്യേക ഫണ്ടുകൾ എന്നിവയുടെ സംരക്ഷണവും ശരിയായ വിനിയോഗവും ഉറപ്പു വരുത്തുക, നികുതി, ചുങ്കം, സെസ്സ്, ഫീസുകൾ എന്നിവയുടെ നടത്തിപ്പ് കാര്യക്ഷമമാക്കുക, ഉദ്യോഗസ്ഥരുടെ ശമ്പളം, അവധി, പെൻഷൻ എന്നിവ നിയന്ത്രിക്കുന്നതിനുള്ള ചട്ടങ്ങൾ രൂപീകരിക്കുക, തസ്തികകളുടെ എണ്ണം, കേഡർ എന്നിവ നിശ്ചയിക്കുക, വായ്പകൾ നിയന്ത്രിക്കുക മുതലായ വിപുലവും സുപ്രധാനവുമായ കർത്തവ്യങ്ങളാണ് സംസ്ഥാന ധനകാര്യ വകുപ്പിനുള്ളത്. വാണിജ്യ വകുപ്പുകൾ ഉൾപ്പെടെയുള്ള മറ്റ് വകുപ്പുകളുടെ സാമ്പത്തിക വിനിയോഗം ധനകാര്യ ചട്ടങ്ങൾക്കനുസൃതമാണെന്ന് ഉറപ്പാക്കൽ, സംസ്ഥാനത്തിന്റെ വാർഷിക വരവ്,

ചെലവ് സംബന്ധിച്ച മതിപ്പ് കണക്കാക്കൽ, സംസ്ഥാന സർക്കാരിന്റെ നീക്കിയിരുപ്പ്, വരവ്, ചെലവ് എന്നിവയുടെ നിരീക്ഷണം, ബജറ്റ് തയ്യാറാക്കൽ തുടങ്ങിയവും സംസ്ഥാന ധനകാര്യ വകുപ്പിൽ നിക്ഷിപ്തമായ ചുമതലകളാണ്.

59. വകുപ്പിന്റെ പ്രവർത്തനങ്ങളെയും വിവിധ മേഖലകളിലുള്ള സംസ്ഥാനത്തിന്റെ പദ്ധതി പ്രവർത്തനങ്ങളെ അവയുടെ ഏകോപനത്തെയും കോവിഡ്-19 പ്രതികൂലമായി ബാധിക്കുകയും സമ്പദ് വ്യവസ്ഥയെ തന്നെ സ്തംഭനത്തിലേക്ക് നയിക്കുകയും ചെയ്തു. കോവിഡ് മൂലമുണ്ടായ ലോക്ഡൗൺ സാമ്പത്തിക മേഖലയെ നിശ്ചലമാക്കിയതും, തന്മൂലം സംസ്ഥാനത്തിന്റെ വരുമാനം ഗണ്യമായി കുറഞ്ഞതും, പല പൊതുമേഖലാ സ്ഥാപനങ്ങളും പ്രവർത്തിക്കാതായതും, ആരോഗ്യ സംരക്ഷണത്തിനും ചികിത്സക്കും പ്രതിരോധ പ്രവർത്തനങ്ങൾക്കും ചെലവേറിയതും, സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിരതയെയും പൊതുജനങ്ങളുടെ സാമ്പത്തിക ശേഷിയെയും ദുർബ്ബലമാക്കി.

60. ഈ പ്രതിസന്ധി മറികടക്കുന്നതിന് കോവിഡ് ആഘാതമേൽപ്പിച്ച വിവിധ മേഖലകൾക്ക് ആശ്വാസമേകാനുതകുന്ന സാമ്പത്തിക ആരോഗ്യ പരിരക്ഷാ നടപടികളും പാക്കേജുകളും സർക്കാർ നടപ്പിലാക്കി വരുന്നു. കോവിഡ് ബാധിച്ചവരുടെ ദുരിതങ്ങൾ ലഘൂകരിക്കാനായി 44 ലക്ഷം കുടുംബങ്ങൾക്കും, സംസ്ഥാനത്തിലെ വിവിധ ക്ഷേമ ഫണ്ട് ബോർഡുകളിലെ 6.5 ലക്ഷം ഗുണഭോക്താക്കൾക്കും, ഏഴ് മാസത്തെ ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നതിനായി 4405.38 കോടി രൂപ ചെലവഴിച്ചതായും, ക്ഷേമ പെൻഷൻ തുക ഉയർത്തിയതായും, ക്ഷേമ പെൻഷൻ ലഭിക്കാത്ത 14,78,236 ബി. പി. എൽ. അന്ത്യോദയ വിഭാഗ കുടുംബങ്ങൾക്ക് 1,000/- രൂപ നിരക്കിൽ 147.82 കോടി രൂപയും, ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ ഗുണഭോക്താക്കൾക്ക് 1,000/- രൂപ വീതവും വിതരണം ചെയ്തതായി സമിതി മനസ്സിലാക്കുന്നു. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി സംസ്ഥാനത്തിലെ എല്ലാ തരം റേഷൻ കാർഡ് ഉടമകൾക്കും അവശ്യ സാധന കിറ്റ് വിതരണം ചെയ്തതായും ഇതിന്റെ കാലയളവ് ദീർഘിപ്പിച്ചതായും സമിതി മനസ്സിലാക്കുന്നു.

61. സംസ്ഥാനത്തിലെ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് 'മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി' എന്ന പദ്ധതി മുഖാന്തിരം പരമാവധി 50 ലക്ഷം രൂപ വരെ വായ്പ നൽകുന്ന പദ്ധതി വിഭാവനം ചെയ്യുന്നതായും വായ്പാ തുക കേരള

ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി സ്വരൂപിയ്ക്കാനുദ്ദേശിക്കുന്നതായും, കോവിഡ് പശ്ചാത്തലത്തിൽ ഓൺലൈൻ വിദ്യാഭ്യാസം കൂടുതൽ ഫലപ്രദമാക്കുന്നതിന് 2,000 കോടി രൂപയുടെ ലാപ്ടോപ് പദ്ധതി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ സഹായത്തോടെ കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്നതായും സമിതി വീക്ഷിക്കുന്നു.

62. സംരംഭകത്വ പ്രോത്സാഹനത്തിനുള്ള പദ്ധതിയിലൂടെ ധന സഹായത്തിനൊപ്പം സംരംഭങ്ങളുടെ രൂപീകരണ മേൽനോട്ടത്തിനും നടത്തിപ്പിനും വേണ്ട സാങ്കേതിക വൈജ്ഞാനിക സഹായങ്ങൾ ലഭ്യമാക്കുന്നതിന് സംരംഭങ്ങൾക്കനുസൃതമായി നൈപുണ്യ വികസന കർമ്മ പരിപാടികൾ ആവിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

63. സംരഭകത്വ പ്രോത്സാഹന പദ്ധതികളിൽ വനിതാ സംരംഭകരെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തണ മെന്നും, കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തിരം സംരംഭക കൂട്ടായ്മകൾ രൂപീകരിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

64. കോവിഡ് പ്രതിസന്ധികളെ അതിജീവിക്കുന്നതിനായി സർക്കാർ നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികളുടെ ഗുണഫലം അർഹരായവരിൽ എത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് വിവര ശേഖരം നടത്തുകയും, അനർഹരായവരെ പുറത്താക്കുന്ന തിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## തൊഴിലും നൈപുണ്യവും വകുപ്പ്

65. സംസ്ഥാനത്തെ തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നതിനും വ്യവസായിക ബന്ധങ്ങൾ സുഗമമാക്കുന്നതിനും വിവിധ വിഭാഗങ്ങളിലെ തൊഴിലാളികൾക്കായി ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വ്യാവസായിക തർക്കങ്ങളിൽ തൊഴിലാളികളും മാനേജ്മെന്റും തമ്മിലുള്ള അനുരഞ്ജനവും സംഘർഷ പരിഹാരവും കണ്ടെത്തുന്നതിനും തൊഴിൽ നിയമങ്ങൾ വികസിപ്പിക്കുന്നതിനും മറ്റുമാണ് തൊഴിലും നൈപുണ്യവും വകുപ്പ് നിലകൊള്ളുന്നത്. വകുപ്പിന് കീഴിൽ വിവിധ സ്ഥാപനങ്ങളും സംഘടനകളും പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്തെ വിവിധ തൊഴിൽ മേഖലകളുടെ പ്രവർത്തനത്തെ കോവിഡ് 19 പ്രതികൂലമായി ബാധിച്ചു. തൊഴിലിടങ്ങൾ അടച്ചിടേണ്ടിവന്നതും തൊഴിലാളികൾക്ക് തൊഴിൽ കേന്ദ്രങ്ങളിൽ എത്തി

ചേരാനാകാതെ വന്നതും രോഗവ്യാപനവും പല സ്ഥാപനങ്ങളെയും നഷ്ടത്തിലാക്കി. വരുമാന നഷ്ടത്താൽ വേതനം കുറവു ചെയ്യേണ്ടി വന്നതും തൊഴിലാളികളുടെ എണ്ണം വെട്ടി കുറക്കേണ്ടി വന്നതും സംസ്ഥാനത്ത് നിലനിന്നിരുന്ന തൊഴിലില്ലായ്മ എന്ന പ്രശ്നത്തിന്റെ തീവ്രത ഉയർത്തി.

## ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്

66. കോവിഡ് 19 സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ രോഗവ്യാപനം തടയുന്നതിന് വിവിധ നിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലർ മാർച്ച് ആദ്യവാരം ഫാക്ടറീസ് ഉടമകൾക്ക് നൽകുകയും ഫാക്ടറീസ് ആക്ട് 1946, കേരള ഫാക്ടറീസ് റൂൾസ് 1957 എന്നിവയിൽ പ്രതിപാദിച്ചിരിക്കുന്ന ആരോഗ്യ സംബന്ധമായ മുൻകരുതലുകൾ സ്വീകരിക്കുന്നതോടൊപ്പം ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് നിർദ്ദേശം നൽകിയതായും നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് ഫാക്ടറി ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തിയതായും വകുപ്പിൽ കോവിഡ് സെൽ രൂപീകരിച്ച് ജില്ലാതലത്തിൽ നോഡൽ ഓഫീസർമാരെ നിയമിച്ചതായും സമിതി മനസ്സിലാക്കുന്നു.

67. തൊഴിലിടങ്ങളിൽ പാലിക്കേണ്ട നിയമങ്ങളും സ്വീകരിക്കേണ്ട മുൻകരുതലുകളും ഫാക്ടറീസ് ആക്ട് 1948 ലും കേരള ഫാക്ടറീസ് റൂൾസ് 1957 ലും പ്രതിപാദിച്ചിട്ടുണ്ട്. എന്നിരുന്നാലും Covid 19 മൂലം സംജാതമായ പ്രത്യേക സാഹചര്യത്തിൽ അപ്രതീക്ഷിതമാം വിധം പടർന്നു പിടിക്കുന്നതും, ബഹുലമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതുമായ പകർച്ചവ്യാധികൾ തൊഴിൽ മേഖലയുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താതിരിക്കുന്നതിന് വേണ്ട ശാസ്ത്രീയ മുൻകരുതലുകളും പ്രതിരോധ മാർഗ്ഗങ്ങളും ഫാക്ടറി നിയമങ്ങളിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

68. കോവിഡ് വ്യാപനത്തെ തുടർന്ന് ഫാക്ടറി ഇൻസ്പെക്ടർമാർ ഫാക്ടറികളിൽ നടത്തിവരുന്ന പതിവ് പരിശോധനകൾ നിർത്തിവയ്ക്കേണ്ടി വന്നതായും കണ്ടെയിൻമെന്റ് സോൺ പ്രഖ്യാപനം, യാത്രാനിയന്ത്രണം, പൊതുഗതാഗതത്തിലെ കുറവ് തുടങ്ങിയവ മൂലം അത്യാവശ്യ പരിശോധനകൾ സമയബന്ധിതമായി നടത്താൻ ഫാക്ടറി ഇൻസ്പെക്ടർമാർക്ക് ബുദ്ധിമുട്ട് നേരിടുന്നതായി സമിതി മനസ്സിലാക്കുന്നു. ലോക്ക്ഡൗൺ സമയത്ത് രാജ്യത്തിന്റെ പലഭാഗത്തും

ഫാക്ടറികളിൽ രാസ അപകടങ്ങൾ ഉണ്ടായിട്ടുള്ളതിനാൽ സുരക്ഷാ മാനദണ്ഡങ്ങളിൽ വീഴ്ച വന്നിരിക്കാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല

69. പ്രായോഗിക ബുദ്ധിമുട്ടുകൾ ഫാക്ടറികളിലെ സുരക്ഷാ മാനദണ്ഡങ്ങളുടെ കൃത്യമായ പാലനത്തിന് വിഘാതമാകാനിടവരരുത്. ആയതിനാൽ ഇവ പരിഹരിക്കുന്നതിന് പ്രത്യേക സജ്ജീകരണങ്ങൾ ഒരുക്കുകയോ സാങ്കേതിക വിദഗ്ധരുടെ സേവനവും പരിശോധനയും ഉറപ്പുവരുത്തുകയോ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. .

70. വകുപ്പ് നടത്തിവരുന്ന പല പരിശീലന പരിപാടികളും തൊഴിലിടങ്ങളിലെ തൊഴിൽജന്യ രോഗനിർണ്ണയ സർവ്വേ മെഡിക്കൽ ക്യാമ്പുകൾ എന്നിവയും കോവിഡ് 19 സാഹചര്യത്തിൽ നിർത്തിവെച്ചിട്ടുള്ളതായി സമിതി വീക്ഷിക്കുന്നു. ഇത്തരത്തിൽ നിർത്തിവച്ച രോഗ നിർണ്ണയ സർവ്വേ, മെഡിക്കൽ ക്യാമ്പുകൾ എന്നീ സേവനങ്ങൾ പ്രത്യേക സജ്ജീകരണങ്ങളൊരുക്കിയോ പുനരാരംഭിക്കുകയോ ടെലിമെഡിസിൻ മുഖാന്തരം ലഭ്യമാക്കുന്നതിന്റെ സാധ്യതകൾ തേടുകയോ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## വ്യവസായിക പരിശീലന വകുപ്പ്

71. കോവിഡ് 19 വ്യാപനം മൂലം സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചതിനാൽ 2020 മാർച്ച് മാസം 10 മുതൽ ഐ. ടി. ഐ.-കളിലെ ട്രെയിനികൾക്ക് നേരിട്ടുള്ള ക്ലാസ്സുകൾ നടത്തുന്നതിന് സാധിക്കാത്ത സാഹചര്യത്തിൽ ഓൺലൈൻ മുഖേന ക്ലാസ്സുകൾ നടന്നു വരുന്നതായി സമിതി വീക്ഷിക്കുന്നു.

## കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെ. എ. എസ്. ഇ.)

72. സ്ഥാപനത്തിനും കീഴിലെ നൈപുണ്യ പരിശീലന പരിപാടികളും, ക്ലാസ്സുകളും നിർത്തി വയ്ക്കേണ്ടി വന്നെങ്കിലും, ഓൺലൈൻ ക്ലാസ്സുകൾ സാധ്യമായ കോഴ്സുകളിൽ അത്തരം സംവിധാനം പ്രയോജനപ്പെടുത്തിയിട്ടുള്ളതായും, ഇ-ഓഫീസ് നടപ്പിലാക്കി യതിനാൽ ഓഫീസിൽ നേരിട്ട് ഹാജരാകുവാൻ സാധിക്കാതെ വന്ന ഉദ്യോഗസ്ഥർക്ക് വർക്ക് ഫ്രം ഹോം സംവിധാനത്തിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ പ്രതിസന്ധികളില്ലാതെ മുന്നോട്ട് കൊണ്ട് പോകാൻ സാധിച്ചതായും, വീഡിയോ കോൺഫറൻസിംഗ് ഉപയോഗപ്പെടുത്തി യോഗങ്ങൾ കൂടുന്നതിന് കഴിഞ്ഞതായും സമിതി മനസ്സിലാക്കുന്നു.

## തൊഴിൽ വകുപ്പ്

73. കോവിഡ് മൂലം സംസ്ഥാനത്തുണ്ടായ പ്രതിസന്ധി, നിർമ്മാണ, വ്യാപാര, വ്യവസായ, കാർഷിക, സേവന, ഉത്പാദന മേഖലകളെയെല്ലാം സ്തംഭിപ്പിക്കുകയും, അസംഘടിത തൊഴിലാളികൾ, പരമ്പരാഗത തൊഴിലാളികൾ തുടങ്ങി സമസ്ത തൊഴിൽ വിഭാഗങ്ങളെയും ബാധിക്കുകയും, വരുമാനം നിലച്ചത് ഇടത്തരം ഗ്രാമീണ മേഖലകളിലെ കുടുംബങ്ങളിലെ സാമ്പത്തിക ഭദ്രത ഇല്ലാതാക്കുകയും ചെയ്തു.

74. ലോക്ക്ഡൗണിനോടനുബന്ധിച്ച് പല വ്യാപാര വ്യവസായ സ്ഥാപനങ്ങളും മാസങ്ങളോളം അടഞ്ഞ് കിടന്നതും, ലോക്ഡൗണിന് ശേഷം പഴയ വ്യാപാര വ്യവസ്ഥയിലേക്ക് മടങ്ങാൻ സാധിക്കാത്തതും, പല സ്ഥാപനങ്ങളും പൂട്ടിപ്പോകുന്നതിന് കാരണമായി കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 1960, മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 എന്നീ നിയമങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ, റിന്യൂവൽ എന്നിവ മുടങ്ങിയത് വകുപ്പിന്റെ റവന്യൂ വരുമാനം കുറയാനിടവരുത്തി. ലോക്ഡൗണിനു ശേഷം സ്ഥാപന ഉടമകൾക്ക് ഫോണിലൂടെയും, തപാൽ മുഖാന്തിരവും അറിയിപ്പ് നൽകി രജിസ്ട്രേഷനും റിന്യൂവൽ നടപടികളും പുനരാരംഭിച്ചതായി സമിതി വീക്ഷിക്കുന്നു.

75. <u>ലോക്ഡൗൺ മൂലമുണ്ടായ നഷ്ടവും, വ്യാപാര തകർച്ചയും മറികിടക്കുന്നതിനും, വ്യാപാര വ്യവസായ മേഖലകൾ പൂർവ്വ സ്ഥിതി പ്രാപിക്കുന്നതിനും, സഹായകരമാം വിധം തൊഴിൽ നിയമങ്ങളും, തൊഴിൽ നയങ്ങളും ഉദാവത്ക്കരിക്കണമെന്നും, ഫീസുകൾ, ഫൈനുകൾ എന്നിവയിൽ താത്ക്കാലിക ഇളവുകൾ ഏർപ്പെടുത്തണ മെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

76. ലോക്ഡൗൺ കാലയളവിൽ നിർമ്മാണ മേഖലയിലെ പ്രവൃത്തികൾ തടസ്സപ്പെട്ടതിനാൽ നിർമ്മാണ മേഖലയിലെ അതിഥി തൊഴിലാളികളുടെ തൊഴിൽ നഷ്ടമായതും, ഗതാഗത സംവിധാനത്തിന്റെ അഭാവത്താൽ അവർക്ക് നാട്ടിലേക്ക് മടങ്ങാൻ കഴിയാതെ വന്നതും, വിവിധ പ്രതിസന്ധികൾ സൃഷ്ടിച്ചിരുന്നു. പ്രസ്തുത കാലയളവിൽ ഇത്തരം തൊഴിലാളികളുടെ താമസം, ഭക്ഷണം തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും പ്രത്യേക ശ്രമിക് ട്രെയിനുകൾ വഴി ഇവരെ സ്വദേശത്തെത്തിക്കുന്നതിനും മറ്റ് വകുപ്പുകളുടെ സഹകരണത്തോടെ വകുപ്പ് നടപടികൾ സ്വീകരിച്ചിരുന്നതായി സമിതി മനസ്സിലാക്കുന്നു.

77. തിരികെ പോകാനിരുന്ന അതിഥി തൊഴിലാളികൾക്ക് അക്കാലയളവിൽ ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്യും, ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചും മാസ്ക്, സാനിറ്റൈസർ എന്നിവ വിതരണം ചെയ്യും, ബോധവത്ക്കരണം നടത്തിയും തൊഴിലാളികൾക്കിടയിൽ രോഗവ്യാപനം കുറക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചതായി സമിതി മനസ്സിലാക്കുന്നു. എന്നിരുന്നാലും ലോക്ഡൗൺ കാലയളവിൽ സംസ്ഥാനത്ത് ചിലയിടങ്ങളിൽ അതിഥി തൊഴിലാളികൾ കൂട്ടം കൂടുകയും, പ്രതിഷേധം പ്രകടിപ്പിക്കുകയും, ലോക്ഡൗൺ മാനദണ്ഡങ്ങൾ മാനിക്കാതെ കോവിഡ് നിർവ്യാപന പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുകയും ചെയ്തതായി സമിതി നിരീക്ഷിക്കുന്നു. തൊഴിൽ മേഖലയിലെ കുടിയേറ്റം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കുടിയേറ്റ തൊഴിലാളികൾക്ക് മതിയായ നിയമ ബോധം ഉണ്ടെന്നും, നിയമങ്ങളും സാമൂഹിക മര്യാദകളും പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടത് സംസ്ഥാനത്തെ ക്രമസമാധാന പാലനത്തിന് അനിവാര്യമാണ്.

78. <u>ലോക്ഡൗൺ അവസാനിച്ചതിനാൽ സ്വദേശത്തേക്ക് പോയ അതിഥി തൊഴിലാളികൾ സംസ്ഥാനത്തേക്ക് തിരികെ വന്നു തുടങ്ങിയിരിക്കുന്നു. ഭാവിയിലുണ്ടായേക്കാവുന്ന ക്രമസമാധാന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനുള്ള മുൻകരുതലെന്നവണ്ണം, തിരികെയെത്തുന്നതും സംസ്ഥാനത്ത് നിലവിലുള്ളതുമായ അതിഥി തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും, തൊഴിൽ മേഖലയെ അടിസ്ഥാനമാക്കി തൊഴിൽ കാർഡ് നിർബന്ധമാക്കുന്നതിനും, ആധാർ കാർഡുമായി ബന്ധിപ്പിക്കുന്നതിനും ആയതിന്റെ വിവരങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ക്രോഡീകരിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## <u>കേരളീയ പ്രവാസികാര്യ വകുപ്പ്</u>

79. കേരളീയ പ്രവാസികാര്യ വകുപ്പ് സംസ്ഥാനത്തു നിന്നുള്ള പ്രവാസികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി നിലകൊള്ളുന്നു. കേരള മൈഗ്രേഷൻ സർവ്വേ 2018 പ്രകാരം കേരളത്തിൽ നിന്നും വിവിധ രാജ്യങ്ങളിലായി 21.22 ലക്ഷം പ്രവാസികളുള്ളതായും ഇതിൽ 89 ശതമാനവും ഗൾഫ് രാജ്യങ്ങളിൽ ആണുള്ളതെന്നും കണക്കാക്കപ്പെടുന്നു. ജി.സി.സി രാജ്യങ്ങളിലാണ് ഇതിൽ 19 ലക്ഷത്തോളം പേർ

കുടിയേറിയിരിക്കുന്നത്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യാസ് ഇൻവാർഡ് റെമിറ്റൻസ് (2016-17)പ്രകാരം രാജ്യത്തെ മൊത്തം പ്രവാസി പണം വരവിന്റെ 19% ത്തോളം കേരളത്തിനാണ് ലഭിക്കുന്നത്.

80. കോവിഡുമായി ബന്ധപ്പെട്ട് ലോക്ഡൗണിനെ തുടർന്ന് വിവിധ ജി.സി.സി രാജ്യങ്ങളിലെ തൊഴിൽ നയങ്ങളിൽ മാറ്റം വന്നിരിക്കുന്നു. 30% തൊഴിലാളികളെ പിരിച്ചുവിടൽ, സ്വകാര്യകമ്പനികൾക്ക് വേതന നിർണ്ണയാധികാരം നൽകൽ, സ്വദേശി തൊഴിൽ സംവരണം തുടങ്ങിയവയാണിവ. നിർമ്മാണം, വിനോദം, ടൂറിസം, ഇവന്റ് മാനേജ്മെന്റ്, വാഹനരംഗം, വ്യവസായം, ബാങ്കിംഗ് മേഖലകളെയും കോവിഡ് പ്രതികൂലമായി ബാധിച്ചതിനാൽ ശമ്പള നഷ്ടം, ശമ്പളമില്ലാത്ത അവധി, തൊഴിൽ നഷ്ടം എന്നിവയും തൊഴിൽ അനിശ്ചിതത്വവും പ്രവാസികൾ നേരിടേണ്ടി വരുന്നു. കോവിഡ് സാഹചര്യത്തിൽ വിവിധ രാജ്യങ്ങളിൽ നിന്ന് 561302 പ്രവാസി മലയാളികൾ നാട്ടിലേക്ക് മടങ്ങുന്നതിന് സന്നദ്ധത അറിയിച്ച് NORKA Portal-യിൽ രജിസ്റ്റർ ചെയ്യുകയും 2020 മെയ് 7 മുതൽ 2020 നവംബർ 3 വരെ 529425 പേർ തിരിച്ചെത്തുകയും ചെയ്തതായി മനസിലാക്കാം.

| ക്രമ നമ്പർ | രാജ്യം | തിരികെയെത്തിയവർ 2020 നവംബർ 3 വരെ |
|---|---|---|
| 1 | യു. എ. ഇ. | 2,76,153 |
| 2 | സൗദി അറേബ്യ | 79,764 |
| 3 | ഖത്തർ | 47,667 |
| 4 | ഒമാൻ | 49,122 |
| 5 | കുവൈറ്റ് | 27,048 |
| 6 | ബഹ്റൈൻ | 19,736 |
| 7 | മറ്റു രാജ്യങ്ങൾ | 29,935 |
| ആകെ | | 5,29,425 |

81. സാമ്പത്തിക പ്രതിസന്ധി കാരണം തൊഴിൽ കാലാവധി അധികരിച്ചവർക്ക് പലർക്കും ആയത് പുതുക്കാൻ സാധിച്ചില്ല. കോവിഡ് കാലയളവിൽ നിരവധി മലയാളികൾക്ക് പിരിച്ചു വിടൽ നോട്ടീസ് ലഭിച്ചതായും, ചില സ്ഥാപനങ്ങൾ ഇവർക്ക്

നിയമം അനുശാസിക്കുന്ന സേവനനാന്തര ആനുകൂല്യങ്ങൾ, മുടങ്ങിയ ശമ്പളം, ഓവർടൈം തുക എന്നിവ നൽകാത്ത സാഹചര്യമുണ്ടായതായും സമിതി മനസിലാക്കുന്നു. തൊഴിൽ നഷ്ടപ്പെട്ടിട്ടും അർഹമായ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിന് വിദേശ രാജ്യങ്ങളിൽ തന്നെ തുടരേണ്ടി വരുന്നതും, ആനുകൂല്യങ്ങൾ ലഭിക്കാതെ നാട്ടിൽ തിരിച്ചെത്തേണ്ടി വരുന്നതും നിർഭാഗ്യകരമാണ്.

82. ഈ അവസരത്തിൽ പ്രവാസികൾക്ക് ലഭിക്കേണ്ട തൊഴിൽ ആനുകൂല്യങ്ങൾ നേടിയെടുക്കാൻ വേണ്ട നിയമപരമായ സംരക്ഷണം ഉറപ്പാക്കണമെന്നും നിയമവിദഗ്ദ്ധരുടെ സേവനവും നിയമസഹായവും ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എംബസികളുടെ സഹകരണത്തോടെ കണ്ടെത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

83. കോവിഡിന്റെ പശ്ചാത്തലത്തിൽ 40 ശതമാനം വരെ ശമ്പളം വെട്ടിക്കുറയ്ക്കാൻ സൗദി സർക്കാർ അനുമതി നൽകിയതായും പല കമ്പനികളും തൊഴിലാളികളെ ചൂഷണം ചെയ്യുന്നതിന് ഇത് ഒരവസരമാക്കിയതായും, എന്നാൽ കരാർ വ്യവസ്ഥകൾ പാലിക്കുന്ന കമ്പനികൾക്കെതിരെ നിയമ സഹായം തേടുന്നതിന് അഭിഭാഷകരുടെ കനത്ത ഫീസ് കാരണം തൊഴിലാളികൾക്ക് സാധിക്കാതെ വരുന്നതായും കാണാം.

84. പ്രവാസി മലയാളികൾക്ക് അവരുടെ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കാനുള്ള ശമ്പള കുടിശ്ശിക ഉൾപ്പെടെ അർഹമായ സേവനനാകൂല്യങ്ങൾ നേടിയെടുക്കുന്നതിനും, മരണപ്പെട്ട പ്രവാസികളുടെ പാസ്പോർട്ടും മറ്റ് രേഖകളും കുടുംബാംഗങ്ങൾക്ക് ലഭ്യമാക്കുന്നതിനും, അതത് രാജ്യങ്ങളുടെ എംബസികളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനും അവ മോണിറ്റർ ചെയ്യുന്നതിനും നോർക്ക വകുപ്പിൽ ഒരു പ്രത്യേക സെൽ രൂപീകരിക്കുന്നതു പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

85. കോവിഡ് ബാധിച്ച് മരണമടഞ്ഞ പ്രവാസി തൊഴിലാളികളുടെ വരുമാനം നഷ്ടപ്പെട്ട കുടുംബാംഗങ്ങളെ നാട്ടിലെത്തിക്കുന്നതിനും, പുനരധിവസിപ്പിക്കുന്നതിനും വേണ്ട സത്വര നടപടി വകുപ്പ് കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

86. ലോക്ക്ഡൗൺ കാലയളവിൽ മടക്കയാത്രയ്ക്കായി ടിക്കറ്റ് ബുക്ക് ചെയ്ത ശേഷം യാത്ര റദ്ദാക്കിയിട്ടുള്ള പ്രവാസികൾക്ക് പല വിമാന കമ്പനികളും തുക തിരികെ നൽകുന്നതായും പണം നൽകിയിട്ടും യഥാസമയം ടിക്കറ്റ് ലഭ്യമാക്കാതെയും ട്രാവൽ ഏജന്റുമാർ പ്രവാസികളെ ചൂഷണം ചെയ്യുന്നതായി പരാതികളുണ്ട്. ഇത്തരം ചൂഷണങ്ങൾ തടയുന്നതിന് വേണ്ട നിയമ നടപടികൾ സ്വീകരിക്കുന്നതിനും പ്രവാസികൾക്ക് നിയമ

<u>സംരക്ഷണം നൽകുന്നതിനും ഏവിയേഷൻ മന്ത്രാലയവുമായി ബന്ധപ്പെട്ട് സത്വര നടപടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

87. കോവിഡ് പശ്ചാത്തലത്തിൽ മടങ്ങി വരുന്ന പ്രവാസികളുടെ പുനരധിവാസത്തിനും, ക്ഷേമ പദ്ധതികൾ പരിഷ്കരിക്കുന്നതിനും, പുതിയ ആശയങ്ങൾ ആവിഷ്കരിക്കുന്നതിനും, 'ഡ്രീം കേരള' എന്ന പേരിൽ പദ്ധതി രൂപീകരിച്ചിട്ടുള്ളതായി സമിതി മനസിലാക്കുന്നു. കോവിഡ് കാലത്ത് വിസ കാലാവധി കഴിഞ്ഞ പ്രവാസികൾക്ക് നിയമ സംരക്ഷണം നൽകുന്നതിനും ആരോഗ്യ മേഖലയിലുള്ളവർക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും വിദ്യാർത്ഥികളെ നാട്ടിലെത്തിക്കുന്നതിനും നാട്ടിലെത്തിയശേഷം ലോക്ക്ഡൗൺ മൂലം തിരികെ പോകാൻ കഴിയാത്തവർക്ക് ധനസഹായവും അർഹരായവർക്ക് 'സാന്ത്വന പദ്ധതി' വഴി ചികിത്സാ സഹായവും അനുവദിക്കുന്നതിനും നോർക്ക റൂട്ട്സ് പ്രശംസനീയമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചു.

88. <u>സാന്ത്വന പദ്ധതി പ്രകാരം ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള വരുമാന പരിധി കോവിഡിന്റെ പശ്ചാത്തലത്തിൽ നിലവിലെ 1.5 ലക്ഷം രൂപയിൽ നിന്നും 2.5 ലക്ഷം രൂപയായി ഉയർത്തുന്നത് പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

89. <u>കോവിഡ് പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടമായി തിരികെയെത്തിയ പ്രവാസികളുടെ മക്കളുടെ തുടർ വിദ്യാഭ്യാസത്തിന് സൗകര്യവും സാമ്പത്തിക സഹായവും നൽകുന്നത് പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

90. <u>ഉയർന്നുവരുന്ന പ്രവാസികളുടെ എണ്ണത്തിനും വർദ്ധിച്ചുവരുന്ന പ്രവാസി പ്രശ്നങ്ങൾക്കും അനുസൃതമായി സേവനങ്ങൾ ലഭ്യമാക്കുന്നതിനും, വകുപ്പിന്റെ പ്രവത്തനങ്ങൾ സുഗമാക്കുന്നതിനും, നിലവിലെ ഉദ്യോഗസ്ഥരുടെ എണ്ണം പര്യാപ്തമാണോ എന്ന് പരിശോധിക്കുമെന്നും ആവശ്യമെങ്കിൽ നിയമന നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

## <u>സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ്</u>

91. സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ ഭൂരിഭാഗവും നികുതിയിനത്തിലാണ് ലഭിക്കുന്നത് എന്നതിനാൽത്തന്നെ നികുതി വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനം സംസ്ഥാനത്തിന്റെ സുഗമമായ മുന്നോട്ട് പോക്കിന് അത്യന്താപേക്ഷിതമാണ്. സുതാര്യവും ലളിതവുമായ നടപടിക്രമങ്ങളിലൂടെ നികുതി അടവും നികുതി

നിയമങ്ങളുടെ കൃത്യമായ പലനവും ഉറപ്പാക്കുക, സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് നികുതി ഭരണത്തിൽ തടസ്സമില്ലാതെ സേവനങ്ങൾ ലഭ്യമാക്കുക, അഴിമതിയും നികുതിവെട്ടിപ്പും തടയുക, ഉപഭോക്തൃ സൗഹൃദപരമായ അന്തരീക്ഷം സൃഷ്ടിക്കുക തുടങ്ങിയവ നികുതി വകുപ്പിന്റെ കർത്തവ്യങ്ങളാണ്.

92. കോവിഡുമായി ബന്ധപ്പെട്ട ലോക്കഡൗൺ വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിക്കുകയും, അടച്ചിടൽ മൂലമുണ്ടായ വ്യപാര നഷ്ടം നികുതി അടവിനെയും നികുതി വരുമാനത്തെയും ഗണ്യമായി കുറയ്ക്കുകയും ചെയ്തു. വ്യാപാര സ്ഥാപനങ്ങൾ അടഞ്ഞുകിടക്കുന്നതിനാൽ ചരക്ക സേവന നികുതി പ്രതിമാസ വാർഷിക റിട്ടേണുകൾ ഫയൽ ചെയ്യുന്നതിൽ വീഴ്ച സംഭവിച്ചു ഇത് മറികടക്കുവാനായി കാലാവധി നീട്ടി നൽകുന്നതും ലേറ്റ് ഫീ ഒഴിവാക്കുന്നതു മടക്കമുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചു. കേരള പൊതുവിതരണ വിൽപന നികുതിനിയമം, കേരള അഡംബര നികുതി നിയമം, കേരള കാർഷികാദായ നികുതി നിയമം, കേരള മൂല്യവർദ്ധിത നികുതി നിയമം എന്നിവയിൽ 31 മാർച്ച് 2020-ന് മുമ്പ് പൂർത്തീകരിക്കുന്നതിനോ പ്രവർത്തിക്കുന്നതിനോ സമയ പരിധി വ്യക്തമാക്കിയിട്ടുള്ളതോ നിശ്ചയിച്ചിട്ടുള്ളതോ ആയവയ്ക്ക് 31 മാർച്ച് 2021 വരെ കേരള ധനകാര്യ നിയമം 2020-ലെ 14 പ്രകാരം സമയം അനുവദിച്ചതായി സമിതി വീക്ഷിക്കുന്നു.

93. കോവിഡ് 19 സൃഷ്ടിച്ച പ്രതിസന്ധികൾ കാരണം നികുതി കുടിശ്ശിക പൂർണ്ണമായി അടച്ചു തീർക്കാൻ കഴിയാത്തവർക്ക് പിഴയും പലിശയും ഒഴിവാക്കിയും, മുതലിന്റെ 40%/50% ഒഴിവാക്കിയും, ആംനസ്റ്റി പദ്ധതി അവതരിപ്പിക്കുകയും അപേക്ഷ നൽകുന്നതിന് 2020 നവംബർ 30 വരെയും കുടിശ്ശിക ഒടുക്കുന്നതിന് 2021 മാർച്ച് വരെയും സമയം അനുവദിച്ചതായും സമിതി മനസ്സിലാക്കി.

94. സംസ്ഥാനത്തെ വാണിജ്യ വ്യവസായ പ്രക്രിയകൾ പൂർണ്ണ തോതിൽ പുനഃസ്ഥാപിക്കാൻ ഇനിയും കാലതാമസം നേരിടുമെന്നതിനാലും, പല കച്ചവടങ്ങളും നഷ്ടത്തിൽ തന്നെ തുടരുന്നുവെന്നതിനാലും, ആംനസ്റ്റി പദ്ധതിയുടെ ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള കാലാവധി 6 മാസം നീട്ടി നൽകുന്നത് പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

95. തീയേറ്ററുകൾ, ആഡിറ്റോറിയങ്ങൾ ടൂറിസം അനുബന്ധ വ്യവസായങ്ങൾ ഇവന്റ് മാനേജ്മെന്റ് മേഖലകൾ തുടങ്ങി ലോക്ക്ഡൗൺ നിയന്ത്രണത്താൽ

നഷ്ടത്തിലായതും എന്നാൽ ഇനിയും പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതുമായ മേഖലകളെ തകർച്ചയിൽ നിന്നും കരകയറ്റുന്നതിനും, പുനരുജ്ജീവിപ്പിക്കുന്നതിനും, പ്രത്യേക നികുതി ഇളവുകൾ നൽകുന്നത് പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

96. വ്യാപാര മേഖലയിലുണ്ടായ നഷ്ടവും വരുമാനക്കുറവും മറികടക്കുന്നതിനായി വ്യാപാര കേന്ദ്രങ്ങൾ ഉത്പന്നങ്ങൾക്ക് കൃത്രിമ വിലവർദ്ധന സൃഷ്ടിക്കുന്ന സാഹചര്യം ഉണ്ടാകാതിരിക്കാൻ കൃത്യമായ മുൻകരുതലുകളും പരിശോധനാ മാർഗങ്ങളും സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

97. കോവിഡുമായി ബന്ധപ്പെട്ട ട്രിപ്പിൾ ലോക്കഡൗൺ കാലഘട്ടം ഒഴികെയുള്ള സമയങ്ങളിൽ ഒന്നും തന്നെ വ്യാപാരി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിന് തടസ്സം വന്നിട്ടില്ല എന്നിരുന്നാലും 2019-20 സാമ്പത്തിക വർഷത്തിലെ അവസാന സമയം അംഗത്വം പുതുക്കലിൽ വൻ ഇടിവുണ്ടായതിനാൽ അംഗത്വം, കുടിശ്ശിക എന്നിവ പുതുക്കുന്നതിന് പിഴ ഇല്ലാതെ 2020 ഡിസംബർ 31 വരെ സമയം നൽകിയതായി സമിതി മനസ്സിലാക്കുന്നു.

98. സംസ്ഥാനത്തെ വ്യാപാരി ക്ഷേമ നിധി ബോർഡിന്റെ ഏക ഓഫീസ് തിരുവനന്തപുരത്തായതിനാലും പൊതുഗതാഗത സംവിധാനത്തിന്റെ കുറവും സന്ദർശകരുടെ എണ്ണം നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകതയും കണക്കിലെടുത്ത് പ്രസ്തുത സമയ പരിധി 3 മാസം കൂടി നീട്ടി നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

99. ബോർഡിന്റെ പരമാവധി സേവനങ്ങളും പരാതി പരിഹാര നിർദ്ദേശങ്ങളും നടപടികളും ഓൺലൈൻ മുഖേനയും അക്ഷയ കേന്ദ്രങ്ങളിലൂടെയും മറ്റും ലഭ്യമാക്കുന്നതിന്റെ സാധ്യത പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

100. ലോക്ക് ഡൗൺ നിയന്ത്രണങ്ങൾ മൂലമുണ്ടായ വ്യാപാര നഷ്ടം മറികടക്കുന്നതിനും, നശിച്ചുപോയ ചരക്കുകളും മറ്റും മാറ്റി പുതിയ സ്റ്റോക്ക് എത്തിക്കുന്നതിനും വേണ്ട ധനസഹായമെന്ന നിലയിൽ മൈക്രോ ലോണുകൾ ലഭ്യമാക്കുന്നതിനും ചെറുകിട വ്യാപാര സ്ഥാപനങ്ങളെ അടച്ചുപൂട്ടലിൽ നിന്നും കരകയറ്റുന്നതിനു വേണ്ട പദ്ധതികൾ ആവിഷ്കരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## എക്സൈസ് വകുപ്പ്

101. എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങളെ കോവിഡ് 19 ബാധിച്ചുവെങ്കിലും പ്രവർത്തനങ്ങൾ തടസ്സം കൂടാതെ നടത്തുന്നതിനുള്ള മുൻകരുതലുകളും സജ്ജീകരണങ്ങളും വകുപ്പ് സ്വീകരിച്ചതായി സമിതി മനസ്സിലാക്കുന്നു. ചെക്പോസ്റ്റുകളിലും സ്ട്രൈക്കിംഗ് ഫോഴ്സ് ഡ്യൂട്ടിയിലും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലും മാസ്കുകളും ഗ്ലൗസും വിതരണം ചെയ്യുകയും അകലം പാലിക്കൽ, തെർമൽ സ്കാനർ, സാനിറ്റൈസർ എന്നിവ ഉപയോഗിക്കുന്നതിലൂടെയും ഉദ്യോഗസ്ഥർക്കിടയിൽ രോഗവ്യാപനം വലിയതോതിൽ ഉണ്ടാകാതെ തടയുന്നതിനും അതുവഴി വകുപ്പിന്റെ പ്രവർത്തനങ്ങൾ തടസ്സം കൂടാതെ നടത്തുന്നതിനും സാധിച്ചതായി സമിതി മനസ്സിലാക്കുന്നു.

102. കോവിഡ് പ്രതിരോധാർത്ഥം സംസ്ഥാനത്ത് ഹാന്റ് സാനിറ്റൈസറുകളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി നിർമ്മാണ ഏജൻസികൾക്ക് സ്പിരിറ്റ് അനുവദിക്കുന്ന നടപടി വകുപ്പ് ഊർജ്ജിതപ്പെടുത്തി. വ്യാജ സാനിറ്റൈസർ നിർമ്മാണ കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനും, ഇത്തരം നിർമ്മാണ വിതരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ഉചിതമായ ശിക്ഷാ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

103. കോവിഡ് പ്രതിരോധത്തിനായി സാനിറ്റൈസർ വ്യാപകമായി ഉപയോഗിക്കുന്നുവെന്നതിനാൽ സംസ്ഥാനത്ത് സാനിറ്റൈസർ നിർമ്മാണം നിയമാനുസൃതമാം വിധമാണ് നടക്കുന്നത് എന്ന് ഉറപ്പു വരുത്തുന്നതിനും, സ്പിരിറ്റിന്റെ അനധികൃത ഉപയോഗവും ദുരുപയോഗവും തടയുന്നതിനും, പ്രത്യേക മോണിറ്ററിംഗ് സംവിധാനവും ചെക്കുപോസ്റ്റുകളിൽ ഊർജ്ജിത പരിശോധനയും ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്

104. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ വകുപ്പിന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുകയും സ്ഥാപനങ്ങൾ തുറക്കാൻ കഴിയാതെ വരികയും ടിക്കറ്റ് വിൽപ്പന നടത്തി ഉപജീവനം നടത്തിവരുന്ന ഏജന്റുമാരുടെ ജീവിത മാർഗ്ഗം നഷ്ടപ്പെടുകയും ചെയ്തു. പല ഭാഗ്യക്കുറികളുടെയും നറുക്കെടുപ്പ് മാറ്റിവക്കുകയും റദ്ദ് ചെയ്യുകയുമുണ്ടായി. ലോക്ഡൗണിന് വിൽക്കാൻ

കഴിയാതെ വന്ന ഏതാനും ഭാഗ്യക്കുറികളുടെ 30% ടിക്കറ്റുകൾ തിരിച്ചെടുത്തുകൊണ്ട് പുതിയ ടിക്കറ്റുകൾ നൽകി ഏജന്റുമാരുടെ നഷ്ടം നികത്തുന്നതിന് കെൽട്രോൺ മുഖാന്തിരം 'ലിംസ്' സോഫ്റ്റ് വെയർ ഭേദഗതി വരുത്തി ലോട്ടറി റിട്ടേൺ മോഡ്യൂൾ ആവിഷ്കരിച്ചതായി സമിതി മനസ്സിലാക്കുന്നു. വിൽപനക്കാവശ്യമായ ടിക്കറ്റുകൾ എടുക്കുന്നതിന് മൂലധനം കണ്ടെത്താൻ വിഷമിക്കുന്ന ഏജന്റ്മാർക്ക് seed money ആയി കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡ് വഴി വെൽഫെയർ കൂപ്പണുകൾ വിതരണം നടത്തി ടിക്കറ്റുകൾ ലഭ്യമാക്കുന്നതിന് Keltron മുഖാന്തിരം വെബ് സർവ്വീസ് ആരംഭിച്ചതായും സമിതി മനസ്സിലാക്കുന്നു.

105. <u>ലോക്ക്ഡൗൺ മുഖാന്തിരം പ്രതിസന്ധിയിലായ ഭാഗ്യക്കുറി മേഖലയ്ക്ക് ഉണർവേകുന്നതിനായി ജന ശ്രദ്ധ ആകർഷിക്കുന്നതിന് മികച്ച മാധ്യമ പ്രചാരണം നടത്തണമെന്നും, ടിക്കറ്റ് വിലയിൽ കുറവ് വരുത്തി സമ്മാനങ്ങളുടെ എണ്ണം, ഘടന എന്നിവയിൽ വർദ്ധനവ് വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

106. സമസ്ത മേഖലകളെയും പ്രതികൂലമായി ബാധിച്ച കോവിഡ് മഹാമാരിയുടെ പിടിയിൽ നിന്നും ലോകം കരകയറുകയാണ്. അപ്രതീക്ഷിത രോഗവ്യാപനം സൃഷ്ടിച്ച പ്രതിസന്ധി മറികടക്കാൻ വൈദ്യശാസ്ത്ര ഗവേഷണ മേഖലകൾ അശ്രാന്ത പരിശ്രമം നടത്തുകയാണ്. മുൻപ് ലോകത്തെ പിടിച്ചുലച്ച പല രോഗങ്ങളും ഇന്ന് തുടച്ച് നീക്കപ്പെട്ടത് വൈദ്യശാസ്ത്ര മേഖലയുടെ നേട്ടം തന്നെയാണ്. കോവിഡിനൊപ്പം ജീവിതം ക്രമീകരിക്കുന്നതിനോടൊപ്പം വിവിധ രാജ്യങ്ങൾ കോവിഡ് പ്രതിരോധത്തിനായി പലവിധ വാക്സിനുകൾ വികസിപ്പിച്ചു കഴിഞ്ഞിരിക്കുന്നു. സമീപ ഭാവിയിൽത്തന്നെ രോഗഭീതി ലോകത്തെ വിട്ടൊഴിയുമെന്ന് പ്രതീക്ഷിക്കാം. എന്നിരുന്നാലും ജീവിത ക്രമത്തിലും, സാമൂഹ്യ സാമ്പത്തിക വ്യവസ്ഥയിലും, പ്രവചനാതീതമായ പരിവർത്തനങ്ങൾ കോവിഡ്-19 സൃഷ്ടിക്കാനിടയുണ്ട്. ഓരോ സർക്കാർ വകുപ്പുകളും പ്രത്യേകിച്ച് ആരോഗ്യം, ആഭ്യന്തരം, റവന്യൂ, തദ്ദേശ സ്വയംഭരണം, കൃഷി, ഗതാഗതം തുടങ്ങിയ വകുപ്പുകൾ ഒരേ ലക്ഷ്യത്തോടെ ദീർഘകാലം തുടർന്നും പ്രവർത്തിച്ചാൽ കോവിഡിന് എതിരായ വിജയ സൂചികകൾ സൃഷ്ടിച്ചെടുക്കാൻ കഴിയുമെന്ന് സമിതി പ്രത്യാശിക്കുന്നു.

107. മഹാമാരിയുടെ പിടിയിൽ നിന്നും കരകയറുമ്പോൾ അത് സമസ്ത

മേഖലകളിലും സൃഷ്ടിച്ച ആഘാതം മറികടക്കാൻ കൃത്യമായ സാമ്പത്തിക ആസൂത്രണം അനിവാര്യമാണ്. പല മേഖലകളെയും ഉത്തേജിപ്പിക്കുന്നതിനും, പുനരുജ്ജീവിപ്പിക്കുന്നതിനും, സവിശേഷ പദ്ധതികൾ തയ്യാറാക്കേണ്ടിയിരിക്കുന്നു. ഇത്തരത്തിൽ ഓരോ മേഖലകളിലും കോവിഡ് സൃഷ്ടിച്ച പ്രതിസന്ധികളും അവയുടെ പ്രത്യാഘാതങ്ങളും തിരിച്ചറിഞ്ഞ് അതിജീവനത്തിനായി ശാസ്ത്രീയവും കാര്യക്ഷമവുമായ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിലൂടെ സമസ്ത മേഖലകളുടെയും പ്രവർത്തനം പൂർവ്വസ്ഥിതിയിലാക്കുന്നതിനും സാമ്പത്തിക അഭിവൃദ്ധി കൈവരിക്കുന്നതിനും സാധിക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു.

തിരുവനന്തപുരം
2021 ജനുവരി 13.

എസ്. ശർമ്മ,
അദ്ധ്യക്ഷൻ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.

KS/13.01.2021.

## അനുബന്ധം

# 2020 ജനുവരി 25 മുതൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ

**ജനുവരി 25 മുതൽ 2020 മാർച്ച് 5 വരെ**

- കൊറോണ വൈറസിന്റെ പുതിയ വകഭേദത്തെക്കുറിച്ചുള്ള ലോകാരോഗ്യ സംഘടനയുടെ അറിയിപ്പും കേന്ദ്ര ആരോഗ്യകുടുംബക്ഷേമ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കിയ ഉടനെ തന്നെ സംസ്ഥാനത്തെ പൊതുജനാരോഗ്യ വകുപ്പ് അതീവ ജാഗ്രത പുലർത്തി.
- 24 ജനുവരി മുതൽ സംസ്ഥാനത്തൊട്ടാകെയുള്ള പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനും ഏകോപനത്തിനുമായി ആരോഗ്യ ഡയറക്ടറേറ്റിൽ ഒരു കൺട്രോൾ റൂം സ്ഥാപിച്ചു. അടിസ്ഥാനതല നിരീക്ഷണം, ആശുപത്രി ഐസൊലേഷൻ, ലാബ് നിരീക്ഷണം, ഇൻഫ്രാസ്ട്രക്ചർ, ലോജിസ്റ്റിക്സ്, മീഡിയ സർവൈലൻസ്, കോൾ സെന്ററുകൾ, കാര്യക്ഷമത വർദ്ധിപ്പിക്കൽ, സന്നദ്ധ പ്രവർത്തകരുടെ ഏകോപനം എന്നിവ നിരീക്ഷിക്കുന്നതിന് കൺട്രോൾ റൂമിൽ 18 ടീമുകളുമുണ്ട്.
- സംസ്ഥാന കൺട്രോൾ റൂമിന് സമാനമായ രീതിയിൽ ജില്ലാ കൺട്രോൾ റൂമുകളും കോൾ സെന്ററുകളും സ്ഥാപിച്ചു.
- എല്ലാ അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽ നിന്നും തുറമുഖങ്ങളിൽ നിന്നുമുള്ള യാത്രക്കാരെ കൊറോണ മാർഗ്ഗ നിർദ്ദേശ പ്രകാരം പരിശോധിക്കാൻ തുടങ്ങി.
- അടിയന്തരമായി സംസ്ഥാന, ജില്ലാതല ആർ.ആർ.ടി . കളെ വിളിച്ചു.
- ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത വകുപ്പുതല ഏകോപന യോഗത്തിൽ എല്ലാ വകുപ്പുകളും ആരംഭിച്ച പ്രതിരോധ പ്രവർത്തനങ്ങളെ വിലയിരുത്തി.
- ടൂറിസം, സ്കൂളുകൾ, മൃഗസംരക്ഷണം എന്നിവയ്ക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

- കൊറോണ വൈറസ് വ്യാപനം നിയന്ത്രിക്കുന്നതിന് സ്റ്റേറ്റ് സെൽ ഓഫ് ഡിഫൻസ് നൽകിയ പരിശോധന, ക്വാറന്റീൻ, ആശുപത്രി പ്രവേശനം, ഡിസ്ചാർജ് എന്നിവയ്ക്കായി മാർഗ്ഗ നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ പരിഷ്കരിച്ചു.
- വുഹാനിൽ നിന്ന് മടങ്ങിയെത്തിയ 3 വിദ്യാർത്ഥികൾക്ക് ആദ്യ ഘട്ടത്തിൽ കോവിഡ് 19 ഉണ്ടെന്ന് സ്ഥിരീകരിച്ചിട്ടുണ്ടെങ്കിലും അവരെല്ലാം സുഖം പ്രാപിച്ചു. അവരുമായി സമ്പർക്കമുണ്ടായവരിൽ ആർക്കും രോഗം സ്ഥിരീകരിച്ചില്ല.
- കേരള സർക്കാർ കോവിഡ് 19 ഒരു സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ചു.
- മാർച്ച് 6 വരെ സംസ്ഥാനത്ത് 3 കേസുകൾ മാത്രമെ കണ്ടെത്തിയിട്ടുള്ളു. എല്ലാ രോഗികളും സുഖം പ്രാപിച്ചു.

**മാർച്ച് 6 2020 മുതൽ മെയ് 4 വരെ**

- എല്ലാ അന്താരാഷ്ട്ര വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ എന്നു തുടങ്ങി മറ്റ് സ്ഥലങ്ങളിൽ നിന്നും സംസ്ഥാനത്തേക്ക് പ്രവേശിക്കുന്ന എല്ലാ യാത്രക്കാരെയും കൊറോണ മാർഗ്ഗ നിർദ്ദേശപ്രകാരം പരിശോധിക്കാൻ തുടങ്ങി.
- സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ഐസലോഷൻ സൗകര്യങ്ങൾ ഒരുക്കി.
- ഐസലോഷനായി വെന്റിലേറ്റർ പിന്തുണയുള്ള ഐസിയു സൗകര്യം എല്ലാ മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികളിൽ ക്രമീകരിച്ചു.
- മറ്റ് രാജ്യങ്ങളിൽ നിന്നോ സംസ്ഥാനങ്ങളിൽ നിന്നോ കേരളത്തിലേക്ക് മടങ്ങിയെത്തിയവരെ നിരീക്ഷണത്തിൽ വെയ്ക്കാനായി എല്ലാ ജില്ലകളിലും കോവിഡ് കെയർ സെന്ററുകൾ സ്ഥാപിച്ചു.
- നിരീക്ഷണത്തിലുള്ള തീവ്രതയില്ലാത്ത രോഗലക്ഷണമുള്ള എല്ലാവർക്കും ചികിത്സ നൽകുന്നതിനായി കോവിഡ് ഫസ്റ്റ് ലൈൻ ചികിത്സാ കേന്ദ്രങ്ങൾ സ്ഥാപിച്ചു.

- രോഗികൾക്കും രോഗലക്ഷണമുള്ളവർക്കും ചികിത്സ നൽകുന്നതിനായി ഐസിയു, വെന്റിലേറ്റർ സൗകര്യങ്ങളോടെയുള്ള കോവിഡ് ആശുപത്രികൾ ആരംഭിച്ചു.
- എല്ലാ പ്രാഥമിക ആശുപത്രികളിലും ഒ.പി. സമയം വൈകുന്നേരം 6 മണി വരെ നീട്ടി. ഇതിനായി അധിക മാനവ വിഭവശേഷിയും നൽകി.
- അധിക മാനവ വിഭവശേഷി സമാഹരിക്കുന്നതിനായി പിഎസ്സി, എൻഎച്ച്എം, എൽഎസ്ജി എന്നിവയിലൂടെയും അഡ്ഹോക് പോസ്റ്റിംഗുകൾ വഴിയും അധിക സ്റ്റാഫുകളെ പോസ്റ്റ് ചെയ്തു.
- കോവിഡ് ആശുപത്രികളിൽ ജീവനക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഉദ്യോഗസ്ഥരെ മൂന്ന് നിരകളായി വേർതിരിച്ചു.
- പോസിറ്റീവായ എല്ലാ വ്യക്തികളുടെയും റൂട്ട് മാപ്പുകൾ പ്രസിദ്ധീകരിച്ചു. എല്ലാ പ്രാഥമിക, ദ്വിതീയ സമ്പർക്കത്തിൽപ്പെട്ടവരെയും കണ്ടെത്തി നിരീക്ഷണത്തിലാക്കി.
- പൊതു, സ്വകാര്യ മേഖലകളിലെ നിയുക്ത ലാബുകളിൽ സാമ്പിൾ ടെസ്റ്റിംഗ് സൗകര്യങ്ങൾ സജ്ജീകരിച്ചിരിക്കുന്നു. കൂടുതൽ സാമ്പിൾ ടെസ്റ്റിംഗ് സൗകര്യങ്ങൾ അക്രഡിറ്റേഷൻ നേടുന്നതിനും പരിശോധന ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
- അടിയന്തിര ശസ്ത്രക്രിയ, രോഗലക്ഷണമുള്ള ആരോഗ്യ പ്രവർത്തകർ, ശ്വാസകോശ രോഗികൾ, കോവിഡ് സംശയിക്കപ്പെടുന്നവരുടെ മരണം തുടങ്ങി അടിയന്തിര സ്വഭാവമുള്ള സാമ്പിളുകൾ പരിശോധിക്കുന്നതിനായി ഐസിഎംആറിൽ നിന്ന് എക്സ്പെർട്ട് സാർസ് -കോവി ടെസ്റ്റ് കാറ്റ്റിഡ്ജുകൾ വാങ്ങി.
- മുൻഗണനാ ഗ്രൂപ്പുകളായ ആരോഗ്യ പ്രവർത്തകർ, നിരന്തരം സാമൂഹിക സമ്പർക്കത്തിൽപ്പെടുന്നവർ, അതിഥി തൊഴിലാളികൾ, കോവിഡ് സംശയിക്കാത്ത ശ്വാസകോശ രോഗികൾ, സെന്റിനൽ നിരീക്ഷണത്തിന്റെ ഭാഗമായി കോവിഡ് 19 എ കാറ്റഗറി എന്നിവയിൽ നിന്നും സാമ്പിളുകൾ

പരിശോധിച്ചു. ഇന്നുവരെ 875 സാമ്പിളുകൾ എടുത്തിട്ടുണ്ട്. അതിൽ ഒരാൾ പോസിറ്റീവായി.

- കോവിഡ് -19 2020 മാർച്ച് 14-ന് ഒരു ശ്രദ്ധേയമായ രോഗമായി പ്രഖ്യാപിച്ചു.
- കേരള പകർച്ചവ്യാധി ചട്ടത്തിൽ 2020 മാർച്ച് 21-ന് കോവിഡ്-19 ഉൾപ്പെടുത്തി.
- കേരള പകർച്ചവ്യാധി ഓർഡിനൻസ് 2020 മാർച്ച് 27 ന് പ്രസിദ്ധീകരിച്ചു.
- വർദ്ധിച്ചുവരുന്ന രോഗികളുടെ എണ്ണം കണക്കിലെടുത്ത്, 2020 മാർച്ച് 24 - ന് രാജ്യവ്യാപകമായി ലോക്ക്ഡൗൺ പ്രഖ്യാപിച്ചു.
- സോഷ്യൽ മീഡിയ വഴി വ്യാജ വാർത്ത പ്രചരിപ്പിക്കുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കും
- ക്വാറന്റീൻ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാത്ത വ്യക്തികൾക്കെതിരെയും നിയമനടപടികൾ ആരംഭിച്ചു.
- എൻസിഡി രോഗികൾക്ക് അവരുടെ വീടുകളിൽ ഒരു മാസത്തെ മരുന്നുകൾ വിതരണം ചെയ്തു.
- തടസ്സമില്ലാത്ത സേവനം ഉറപ്പാക്കുന്നതിന്, എല്ലാ ഡയാലിസിസ് കേന്ദ്രങ്ങൾക്കും സാധ്യമായ പരമാവധി ഷിഫ്റ്റുകളിൽ പ്രവർത്തിക്കാനും ഐസൊലേഷനിൽ കഴിയുന്ന രോഗികൾക്ക് പ്രത്യേക ഡയാലിസിസ് സൗകര്യം നൽകാനും നിർദ്ദേശം നൽകി.
- വയോജനങ്ങൾക്ക് ആവശ്യമായ പരിചരണം നൽകുന്നതിനായി ആരോഗ്യ പ്രവർത്തകർ സ്ഥിരമായി അവരുടെ വീട് സന്ദർശിച്ചുവന്നു.
- ഐസൊലേഷനിൽ കഴിയുന്ന ആളുകൾക്ക് പിന്തുണ നൽകുന്നതിനും ഹോം ഐസലേഷന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുമായി പഞ്ചായത്ത് തലത്തിലുള്ള സന്നദ്ധ സംഘങ്ങൾ വീട് സന്ദർശനം ആരംഭിച്ചു.
- വീടുകൾ സന്ദർശിക്കുന്നതിനും സ്ക്രീനിംഗിനുമായി വോളന്റിയർമാരെ നിയമിച്ചു.
- ട്രെയിനുകളിലൂടെയും റോഡുകളിലൂടെയും സംസ്ഥാനത്തേക്ക് പ്രവേശിക്കുന്ന എല്ലാ വ്യക്തികളെയും എല്ലാ പ്രവേശന സ്ഥലങ്ങളിലും സ്ക്വാഡുകൾ ഉപയോഗിച്ച്

പരിശോധിച്ചു.

- അങ്കണവാടി പ്രവർത്തകർ അംഗൻവാടി കുട്ടികൾക്കായി ഭക്ഷണം തയ്യാറാക്കി വീടുകളിൽ വിതരണം ചെയ്യുന്നു.
- ഭക്ഷണം തയ്യാറാക്കുന്നതിനായി സംസ്ഥാനത്തുടനീളം കമ്മ്യൂണിറ്റി അടുക്കളകൾ ആരംഭിച്ചു.
- ബഡ്സ് സ്കൂൾ കുട്ടികൾക്കുള്ള ഫോളോ അപ്പ് ചികിത്സയും ഫിസോയോതെറാപ്പി സേവനങ്ങളും ഉറപ്പാക്കി.
- ഒഴിവുള്ള എല്ലാ തസ്തികകളും നികത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആവശ്യമെങ്കിൽ ഇതിനുള്ള സഹായത്തിനായി തദ്ദേശ സ്വയംഭരണ കേന്ദ്രങ്ങളെ തേടാം.
- കേരളത്തിലെ ബിവറേജ്ഔട്ട്ലെറ്റുകൾ പൂട്ടിയ സാഹചര്യത്തിൽ മദ്യം ഉപയോഗിക്കുന്നവർക്ക് ഉണ്ടാകാൻ സാദ്ധ്യതയുള്ള ശാരീരികവും മാനസികവുമായി ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഡീഅഡിക്ഷൻ സേവനങ്ങൾ ഉറപ്പുവരുത്തുകയും ഇതിനായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർക്ക് പ്രത്യേക പരിശീലനം നൽകാൻ നിർദ്ദേശം നൽകി.
- ക്വാറന്റീൻ / നിരീക്ഷണത്തിലിരിക്കുന്ന വ്യക്തികൾക്ക് മന:ശാസ്ത്രപരമായ പിന്തുണ കോളുകൾ നൽകി. ഇതുകൂടാതെ, മാനസിക രോഗികൾ, പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾ, അതിഥി തൊഴിലാളികൾ, ഒറ്റയ്ക്ക് താമസിക്കുന്ന പ്രായമായ ആളുകൾ എന്നിവർക്ക് മന:ശാസ്ത്രപരമായ പിന്തുണ കോളുകൾ നൽകി. കൊറോണ നിയന്ത്രണ പ്രവർത്തനങ്ങളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ സമ്മർദ്ദം ലഘൂകരിക്കുന്നതിനും കൗൺസിലിംഗ് സേവനം നൽകുന്നു. കേരളത്തിലെ ബിവറേജ്ഔട്ട്ലറ്റുകൾ പൂട്ടിയ സാഹചര്യത്തിൽ മദ്യം ഉപയോഗിക്കുന്നവർക്ക് ഉണ്ടാകാൻ സാദ്ധ്യതയുള്ള ശാരീരികവും, മാനസികവുമായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഡീ അഡിക്ഷൻ സേവനങ്ങൾ ഉറപ്പുവരുത്തുകയും ചെയ്തു.

- ആരോഗ്യ ഉദ്യോഗസ്ഥർ, പോലീസ്, സന്നദ്ധപ്രവർത്തകർ എന്നിവരുൾപ്പെടെയുള്ളവരുടെ ഐസൊലേഷനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സ്ക്വാഡുകളുടെ സഹായം ഉറപ്പാക്കി.
- ആരോഗ്യ വകുപ്പിലെ മറ്റ് വകുപ്പുകളിലെയും ആരോഗ്യ പ്രവർത്തകർക്കും സന്നദ്ധ പ്രവർത്തകർക്കും പരിശീലനം നൽകുന്നതിനായി പോസ്റ്ററുകൾ വീഡിയോകൾ, പവർപോയിന്റ് അവതരണങ്ങൾ എന്നിവ തയ്യാറാക്കി. എല്ലാ പരിശീലന സാമഗ്രികളും "കേരള ആരോഗ്യ ഓൺലൈൻ പരിശീലനം" യൂട്യൂബ് ചാനൽ, ഔദ്യോഗിക വെബ്സൈറ്റുകൾ എന്നിവയിൽ പോസ്റ്റ് ചെയ്യുകയും ഇമെയിലുകൾ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ എന്നിവയിലൂടെ പ്രചരിപ്പിക്കുകയും ചെയ്യുന്നു. ഉദ്യോഗസ്ഥർക്കും സന്നദ്ധ പ്രവർത്തകർക്കും ഓൺലൈൻ പരിശീലനം നൽകുന്നതിനായി "കേരള ഹെൽത്ത് ഓൺലൈൻ പരിശീലനം" എന്ന ഓൺലൈൻ പരിശീലന പോർട്ടലും ആരംഭിച്ചു.
- ദൃശ്യ മാധ്യമങ്ങളിലൂടെയും, പ്രിന്റ് സാമൂഹിക മാധ്യമങ്ങൾ എന്നിവയിലൂടെ കോവിഡ് തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായി പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണ സന്ദേശങ്ങൾ നൽകി.
- കോവിഡിനെക്കുറിച്ച് ആധികാരിക വിവരങ്ങളും പൊതുവായ അവബോധവും നൽകുന്നതിന് ഒരു വാട്ട്സ്ആപ്പ് ചാറ്റ് ബോക്സ് ആരോഗ്യ വകുപ്പ് പുറത്തിറക്കി. ചാറ്റ് ബോക്സിനുള്ള വാട്ട്സ്ആപ്പ് നമ്പർ 9072220183.
- മെയ് 4 വരെ സംസ്ഥാനത്ത് 499 കോവിഡ് -19 രോഗികളെ കണ്ടെത്തി, അതിൽ 3 പേർ മരിച്ചു.

**4 മെയ് 2020 മുതൽ**

- മെയ് 4 മുതൽ രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിൽ കുടുങ്ങിയവർക്ക് അന്തർ സംസ്ഥാന അതിർത്തികളിലൂടെ സംസ്ഥാനത്തേക്ക് മടങ്ങാൻ അനുവാദം നൽകി.
- മെയ് 7 മുതൽ "വന്ദേ ഭാരത് മിഷന്റെ" ഭാഗമായി അന്താരാഷ്ട്ര വിമാന സർവ്വീസുകൾ പുനരാരംഭിച്ചു.

- രാജ്യത്തേക്ക് വൻതോതിൽ പ്രവാസികൾ എത്തിയതിനെത്തുടർന്ന് കേസുകളുടെ എണ്ണത്തിൽ വർദ്ധനയുണ്ടാകുമെന്ന് പ്രതീക്ഷിച്ച്, സംസ്ഥാനത്തിനകത്ത് കോവിഡ് നിയന്ത്രിക്കുന്നതിനും സാമൂഹിക വ്യാപനം തടയുന്നതിനും നിരവധി നടപടികൾ സ്വീകരിച്ചു.
- സംസ്ഥാനത്തൊട്ടാകെയുള്ള കോവിഡ് കെയർ സെന്ററുകളുടെ എണ്ണവും സെന്ററുകളിലെ കിടക്കകളുടെ എണ്ണവും വർദ്ധിപ്പിച്ചു. എല്ലാ അന്തർദേശീയ യാത്രക്കാർക്കും ഈ കേന്ദ്രങ്ങളിൽ 14 ദിവസത്തെ ക്വാറന്റീൻ നിർബന്ധമായിരുന്നു.
- രോഗലക്ഷണമില്ലാത്ത രോഗികളുടെ ചികിത്സയ്ക്കായി ഡൊമിസിലിയറി കെയർ സെന്ററുകൾ (ഡിസിസി) സ്ഥാപിച്ചു. വീട്ടിൽ ഐസൊലേഷന് മതിയായ സൗകര്യങ്ങൾ ഉണ്ടെങ്കിൽ രോഗലക്ഷണമില്ലാത്ത കോവിഡ് രോഗികൾക്ക് വീട്ടിൽ ചികിത്സ അനുവദിച്ചു.
- തീവ്രതയില്ലാത്ത രോഗലക്ഷണമുള്ള (കാറ്റഗറി എ) രോഗികളുടെ ചികിത്സയ്ക്കായി കോവിഡ് ഫസ്റ്റ് ലൈൻ ചികിത്സാ കേന്ദ്രങ്ങൾ (സിഎഫ്എൽടിസി) സ്ഥാപിച്ചു.
- തീക്ഷ്ണത ലക്ഷണങ്ങളുള്ള (കാറ്റഗറി ബി)രോഗികളുടെ ചികിത്സയ്ക്കായി കോവിഡ് സെക്കൻഡ് ലൈൻ ചികിത്സാ കേന്ദ്രങ്ങൾ (സിഎസ്എൽടിസി) സ്ഥാപിച്ചു.
- രോഗികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് കോവിഡ് ആശുപത്രികൾക്ക് അധിക മാനവ വിഭവശേഷിയും അടിസ്ഥാന സൗകര്യങ്ങളും നൽകി. കൂടുതൽ ഐസിയു കിടക്കകളും വെന്റിലേറ്റർ സൗകര്യങ്ങളും ഒരുക്കി.
- ഈ സൗകര്യങ്ങളിലെല്ലാം ഒക്യുപ്പൻസി നില സംസ്ഥാന തലത്തിലുള്ള കോർ ഗ്രൂപ്പ് നിരീക്ഷിച്ചു. കോവിഡ് ആശുപത്രികളിലെ ഓക്സിജൻ ഉത്പാദന ശേഷിയും ഓക്സിജന്റെ ഉപയോഗവും നിരീക്ഷിക്കുന്നതിന് ഓക്സിജൻ ഓഡിറ്റും ദിവസേന നടത്തി.
- പരിശോധനാശേഷി പ്രതിദിനം കുറഞ്ഞത് 70,000 ടെസ്റ്റുകളായി ഉയർത്തി. എല്ലാ ജില്ലകൾക്കും ജനസംഖ്യ, കേസ് ലോഡ് എന്നിവ അടിസ്ഥാനമാക്കി

ദൈനംദിനം നടത്തേണ്ട പരിശോധനയുടെ എണ്ണം നൽകി. നവംബർ 7, 2020 വരെ 2065 ലാബുകൾ / സ്ഥാപനങ്ങൾ സംസ്ഥാനത്തുടനീളം കോവിഡ് പരിശോധന നടത്തുന്നു. അതിൽ 53 ലാബുകൾ ആർടി-പിസിആർ പരിശോധന നടത്തുന്നു. 30 ലാബുകൾ സിബി-നാറ്റ് ചെയ്യുന്നു. 65 ലാബുകൾ ട്രൂനാറ്റ് പരിശോധന നടത്തുന്നു. 1917 ലാബുകൾ / സ്ഥാപനങ്ങൾ ആന്റിജൻ പരിശോധന ചെയ്യുന്നു.

- രോഗലക്ഷണ രോഗികൾക്കും കണ്ടെയ്ൻമെന്റ് സോണുകളിൽ നിന്നുള്ളവർക്ക് പിഎച്ച്സി, സിഎച്ച്സി എന്നിവയിൽ ആന്റിജൻ പരിശോധനയും ലഭ്യമാക്കി.
- പൊതുജനങ്ങളിൽ സാമൂഹിക അകലം, മാസ്ക്, മറ്റ് സംരക്ഷണ നടപടികൾ എന്നിവ പാലിക്കുന്നത് നിരീക്ഷിക്കുന്നതിനായി ഗസറ്റഡ് ഉദ്യോഗസ്ഥരിൽ നിന്ന് ജുഡീഷ്യൽ അധികാരമുള്ള സെക്ടറൽ മജിസ്ട്രേറ്റുകളെ നിയമിച്ചു. സർക്കാർ പുറപ്പെടുവിച്ച പ്രോട്ടോക്കോളുകൾ ലംഘിക്കുന്നവർക്ക് പിഴയും മുന്നറിയിപ്പും നൽകാൻ സെക്ടറൽ മജിസ്ട്രേറ്റിന് അധികാരമുണ്ടായിരുന്നു.
- മഴക്കാലത്ത് വെള്ളപ്പൊക്കം / മണ്ണിടിച്ചിൽ എന്നീ പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ കോവിഡ് പടരാതിരിക്കുന്നതിനും പ്രകൃതി ദുരന്തങ്ങൾ കൈകാര്യം ചെയ്യുന്നതിനുമുള്ള മുൻകരുതലുകൾ എടുത്തു.
- രോഗികൾക്ക് ആവശ്യമായ പരിചരണം നൽകുന്നതിനായി എല്ലാ വൈദ്യശാസ്ത്ര സംവിധാനങ്ങളിൽ (മോഡേൺ മെഡിസിൻ, ഐഎസ്എം, ഹോമിയോപ്പതി നിന്നുമുള്ള ജീവനക്കാരെ വിന്യസിച്ചു, ഇവർക്കെല്ലാവർക്കും കോവിഡ് 19 രോഗികളെ വേണ്ട രീതിയിൽ കൈകാര്യം ചെയ്യുന്നതിന് മതിയായ പരിശീലനവും നൽകി, കൂടാതെ ഡിഎച്ച്എസ്, ഡിഎംഇ എന്നിവയ്ക്ക് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലുമുള്ള എല്ലാ ഡോക്ടർമാർക്കും സ്റ്റാഫ് നഴ്സുമാർക്കും ഐസിയു, വെന്റിലേറ്റർ പരിശീലനവും നൽകി.
- ഐസൊലേഷനിൽ കഴിയുന്നവർക്കും പ്രായമായവർക്കും ടെലിമെഡിസിൻ സേവനങ്ങൾ നൽകുന്നതിനും സാംക്രമികേതര രോഗങ്ങൾ ചികിത്സിക്കുന്നതിനും ഇ-സഞ്ജീവിനി ടെലിമെഡിസിൻ പ്ലാറ്റ്ഫോം ആരംഭിച്ചു.

- മികച്ച സേവനങ്ങളുടെ ഉപയോഗം ഉറപ്പാക്കുന്നതിന് ജില്ലാ തലത്തിൽ ഇന്റൻസിവിസ്റ്റുകളുടെയും ക്രിട്ടിക്കൽ കെയർ വിദഗ്ധരുടെയും ജില്ലാ പൂൾ സ്ഥാപിച്ചു. ഗുരുതരാവസ്ഥയിലുള്ള എല്ലാ രോഗികളെയും ഇന്റൻസിവിസ്റ്റുകൾ കാണുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ചികിത്സിക്കുന്ന ഡോക്ടർമാരെ ഒരു കേസ് അടിസ്ഥാനത്തിൽ നയിക്കുന്നതിനും ടെലി ഐസിയു സേവനങ്ങളുടെ ഒരു ഹബ് & സ്പോക്ക് മോഡലിൽ സജ്ജമാക്കി.
- കോവിഡ് - 19ൽ നിന്ന് സുഖം പ്രാപിച്ചതിന് ശേഷം പോസ്റ്റ് കോവിഡ് ലക്ഷണങ്ങളുള്ള രോഗികളുടെ ചികിത്സക്കായി പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിച്ചു. പിഎച്ച്സി /സിഎച്ച്സി /എഫ്എച്ച്സി തലങ്ങളിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കുകളും ടിഎച്ച്ക്യു/ഡിഎച്ച്/ജിഎച്ച്, മെഡിക്കൽ കോളേജുകളിൽ റഫറൽ ക്ലിനിക്കുകളും ആരംഭിച്ചു.
- സ്വകാര്യ ആശുപത്രികളുമായുള്ള ഇടപഴകൽ പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി (കെഎഎസ്പി) വഴി നടത്തി. ഇതുവരെ 105 സ്വകാര്യ ആശുപത്രികൾ കോവിഡ് 19 ചികിത്സ നൽകുന്നു.
- കോവിഡ് 19 സ്റ്റെപ്പ് കിയോസ്കുകൾ (സ്ക്രീനിംഗ്, ടെസ്റ്റിംഗ്, വിദ്യാഭ്യാസം, പ്രതിരോധ കിയോസ്കുകൾ) സ്ഥാപിച്ചു. പ്രത്യേകിച്ചും വിമാനത്താവളങ്ങൾ, അതിർത്തി പ്രദേശങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, മറ്റ് ട്രാൻസിറ്റ് പോയിന്റുകൾ, ഷോപ്പിംഗ് മാളുകൾ മുതലായവ. ശബരിമല പോലുള്ള പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിലേക്കുള്ള വഴിയിലും സ്റ്റെപ്പ് കിയോസ്കുകളും ആരംഭിച്ചു.
- കാസർഗോഡ് ടാറ്റ ആശുപത്രി 6 ബ്ലോക്കുകളിലായി 128 മെറ്റാലിക് കണ്ടെയ്നറുകളിലാണ് നിർമ്മിച്ചിരിക്കുന്നത്. ഓരോ ബ്ലോക്കിലും 10-30 പരസ്പര ബന്ധിതമായ കണ്ടെയ്നറുകളുണ്ട്. ഐപി പരിചരണത്തിനായി 400 സാധാരണ കിടക്കകളുള്ള 80 കണ്ടെയ്നറുകളുണ്ട്. എല്ലാ കണ്ടെയ്നറുകളിലും ബാത്ത്റൂം, ഫാൻ, എയർകണ്ടീഷണറുകൾ എന്നിവ ഘടിപ്പിച്ചിരിക്കുന്നു. കിടക്കകൾ ജില്ലാ ഭരണകൂടം വാങ്ങുകയും പ്ലംബിംഗ്, വൈദ്യുതി ജോലികൾ പൂർത്തിയാക്കുകയും ചെയ്തു.